FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 11 • ISSUE 2 NOVEMBER 2023

## പാസ്റ്റർ കെ. എം. ജോസഫ് ഇമ്പങ്ങളുടെ തിരത്ത്



**ആലുവ/കോട്ടയം:** അഞ്ചേരിൽ എബ്രഹാം മാത്യുവിന്റെ മകനായി 1934ൽ ജനിച്ചു. 1954ൽ മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിച്ചു. കപ്പൽ യാത്രക്കിടെ ന്യൂസീലാൻഡിൽ വെച്ച് 1954 ൽ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു. 1967ൽ കപ്പൽ ജോലി ഉപേക്ഷിച്ചു. ന്യൂസീലാൻഡിൽ തന്നെ ദൈവവചനം പഠിച്ചു. തുടർന്ന് കുറച്ചു കാലം അവിടെ സഭ ശുശ്രൂഷകനായി സേവനമനുഷ്ടിച്ചു. മടങ്ങി നാട്ടിലെത്തിയ പാസ്റ്റർ കെ.എം ജോസഫ് ഐപിസി വടവാതൂർ, വാകത്താനം, കുമാരനെല്ലൂർ സഭകളിൽ ശുശ്രൂഷകനായി. തുടർന്ന് പെരുമ്പാവൂർ കേന്ദ്രമാക്കി വടക്കൻ തിരുവിതാംകൂറിലെക്കു പ്രവർത്തനമേഖല മാറ്റി. അഗപ്പേ ബൈബിൾ കോളേജ്, ചിൽഡ്രൺസ് ഹോം എന്നിവ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾ നടത്തി. 1981ൽ ഐപിസി വാളകം സെന്റർ ശുശ്രൂഷകനായി. പിന്നീട് പെരുമ്പാവൂർ സെന്റർ ശുശ്രൂഷകനായും ദീർഘവർഷങ്ങൾ സേവനം ചെയ്തു. 1994ൽ ഐ പി സി സ്റ്റേറ്റ് വൈസ് പ്രസിഡന്റായി സേവനം ചെയ്തു. പിന്നീട് ജനറൽ വൈസ് പ്രസിഡണ്ട്, രണ്ടു തവണ ജനറൽ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, രണ്ടു തവണ ഐ പി സി കേരള സ്റ്റേറ്റ് പ്രസിഡണ്ട് എന്നീ പദവികൾ വഹിച്ച ശേഷം 2012 ൽ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് വിരമിച്ചു. സഭയുടെ അടിസ്ഥാന വേദോപദേശങ്ങൾ ശങ്ക കൂടാതെ പറയാൻ ധൈര്യം കാണിച്ച നേതാവായിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ പദവികൾ കൈമാറിയ വ്യക്തിയുമായിരുന്നു. രണ്ട് ദിവസം നീണ്ട് നിന്ന അനുസ്മരണ ശുശ്രൂഷകൾക്ക് ശേഷം 29 ശനിയാഴ്ച്ച വൻ ജനാവലിയുടെ സാനിധ്യത്തിൽ സംസ്ക്കാരം നടന്നു.

## ശാരോൻ കൺവൻഷൻ ഡിസംബറിൽ

**തിരുവല്ല:** കൺവൻഷൻ സീസണുകൾക്ക് തുടക്കം കുറിച്ച് കൊണ്ട് തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ശാരോൻ ഫെലോപ്പ് ചർച്ചിന്റെ ജനറൽ കൺവൻഷൻ നവംബർ, ഡിസംബർ മാസങ്ങളിൽ സഭാ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടും. നവംബർ 27 മുതൽ ഡിസംബർ 3 വരെയാണ്. പൊതു യോഗങ്ങൾ കൂടാതെ പാസ്റ്റേഴ്സ്, വനിത, സൺഡേ സ്കൂൾ, യുവജന, വചനധ്യാനം, സ്നാനം, സംയുക്ത സഭാ യോഗം, തിരുമേശ എന്നീ വിവിധ മീറ്റിംഗുകളും നടക്കും. സഭയുടെ ദേശിയ പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ജോസഫ് അദ്ധ്യക്ഷത വഹിക്കുന്ന പ്രഥമ യോഗത്തിൽ (27 ന്) സഭാഅന്തർദേശിയ നേതാവ് റവ. ജോൺ തോമസ് ഉത്ഘാടനം ചെയ്യും. വിവിധ യോഗങ്ങളിൽ അനുഗ്രഹീതരായ ശുശ്രുഷകന്മാർ ദൈവ വചനത്തിൽ നിന്നും സംസാരിക്കും. ശാരോൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

## വേൾഡ് ഏ ജി ഫെലോഷിപ്പ് കൗൺസിലിൽ റവ. പോൾ തങ്കയ്യ



**സ്പെയിൻ:** സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനും, ബാംഗ്ളൂർ എഫ് ജി എ ജി സഭാ സ്ഥാകനുമായ റവ. പോൾ തങ്കയ്യ, അസംബ്ലീസ് ഓഫ് ഗോഡ് ഫെലോഷിപ്പ് കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അഖിലേന്ത്യ ഏ ജി സുപ്രണ്ടായും, സെൻട്രൽ ഡിസ്ട്രിക്റ്റ് സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് സൂപ്രണ്ട് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ച് വരുന്നു. സ്പെയിനിൽ മാഡ്രിഡിലിൽ നടന്ന 9–ാമത് വേൾഡ് അസംബ്ലീസ് ഓഫ് ഗോഡ് കോൺഗ്രസിൽ വച്ചാണ് തിരഞ്ഞെടുത്തത്. 115 രാജ്യങ്ങളിൽ നിന്നും 4500 പ്രതിനിധികൾ പങ്കെടുത്തു.

## ആരോഗ്യ നിലയിൽ പുരോഗതി



**പാലാ:** മെഡിസിറ്റി ഹോസ്പിറ്റലിൽ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്ന കർത്തൃദാസൻ കാനം അച്ചൻ സുഖം പ്രാപിച്ച് വീട്ടിൽ മടങ്ങിയെത്തി. അന്തരിക അവയവങ്ങളിൽ കണ്ട നീർവീക്കത്തിന് പരിഹാരമായി ഡോക്ടർമാർ നിർദ്ദേശിച്ച സർജറി നിലവിലുള്ള തന്റെ ആരോഗ്യ സ്ഥിതിയും പ്രായവും പരിഗണിച്ചു തത്കാലം വേണ്ടെന്ന് വച്ചതായി കുടുംബം അറിയിച്ചു. മടങ്ങിയെത്തിയ അദേഹം സാമൂഹ്യ മാധ്യമത്തിൽ വീഡിയോയിൽ പ്രാർത്ഥിച്ച എല്ലാവരോടും നന്ദിയറിച്ചു. തുടർന്നും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിച്ചു.




## ബിനോയി ചാക്കോ@ ഓഡിയോ ബൈബിൾ







**കോട്ടയം:** നാല് പതിറ്റാണ്ടിലധികമായ് മലയാളി ക്രൈസ്തവ സമൂഹത്തിന് സംഗീത സദ്യ വിളമ്പുന്ന അതുല്യ പ്രതിഭയാണ് ബിനോയ് ചാക്കോ എന്ന ഗായകൻ. ഇന്നും ക്രൈസ്തവരുടെ വേദികളിൽ നിറസാനിധ്യമായ ബിനോയി പുതിയ ഒരു സമ്മാനം സമർപ്പിച്ചിരിക്കുകയാണ്. സ്വന്തം ശബ്ദത്തിൽ സംഗീത ശബ്ദങ്ങളുടെ അകമ്പടിയോടെ ബൈബിളിന്റെ ശബ്ദ ബൈബിൾ പുറത്തിറക്കിയിരിക്കുകയാണ്. പുതിയനിയമം, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ എന്നീ പുസ്തകങ്ങളുടെ 24 മണിക്കൂർ ദൈർഘ്യമുള്ളതാണ് ഓഡിയോ ബൈബിൾ. ബിനോയി ചാക്കോ ഓഡിയോ ബൈബിൾ എന്ന പേരിൽ മൊബൈൽ ആപ്ളിക്കേഷനും, പെൻഡ്രൈവിലും ലഭ്യമാണ്. പ്രസിദ്ധമായ ജീസസ് മലയാളം ഫിലിമിലും, പിഒസി ബൈബിളിലും ശബ്ദം നൽകിയിരിക്കുന്നത് ബിനോയി ചാക്കോയാണ്. നവംബർ 4 – ന് കോട്ടയം അരീപറമ്പിൽ ബ്രദറൺ സഭയിൽ വച്ച് പ്രതിപക്ഷ നേതാവ് ശ്രീ വീ. ഡി. സതീശൻ ഉത്ഘാടനം ചെയ്തു.

## പരിശുദ്ധാത്മാവിനാൽ തിന്മയെ ജയിക്കാം: സണ്ണി താഴാമ്പള്ളം



**കോട്ടയം:** തിന്മ പെരുകുന്ന ലോകത്തിൽ വിശ്വാസികൾ മാതൃകയായിരിക്കണം. സമൂഹം നമ്മുടെ വിമർശകരായിരിക്കുമ്പോൾ തന്നെ, അവർ നമ്മെ വീക്ഷിയ്ക്കുന്നുണ്ടന്ന വസ്തുതയും മറന്ന് പോകരുത്. ദൈവത്തിനോ സഭയ്ക്കോ ആക്ഷേപമില്ലാത്തതായിരിക്കണം യുവജനങ്ങളുടെ ജീവിതം. തിന്മയോട് തോൽക്കാതെ നന്മയാൽ ജയകരമായ ജീവിതം നയിക്കാൻ നമുക്ക് കഴിയും. എന്നാൽ അതിന് പരിശുദ്ധാത്മാവിന്റെ അഭിഷേകം നമുക്കുണ്ടായിരിക്കണം. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ റീജിയന്റെ സൺഡേ സ്കൂൾ, വൈ പി ഈ യുടെ സമ്മേളനത്തിൽ റവ. സണ്ണി താഴാംപള്ളം പറഞ്ഞതാണ് ഈ വാക്കുകൾ. റോമർ 12:21 നെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു.

## സുവിശേഷകർക്ക് ദേശീയ ദിനം

**അർജന്റീന:** പ്രൊട്ടസ്റ്റന്റുകളെയും, പെന്തക്കോസ്തു സഭാവിഭാഗങ്ങളെയും ഔദ്യോഗികമായി ആദരിക്കാൻ അർജന്റീന സർക്കാരിന്റെ തീരുമാനം. അവർക്കായി ഒരു ദേശീയ ദിനം തെന്നെ പ്രക്യാപിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഒക്റ്റോബർ 31 ന് ദേശീയ ദിനമാക്കാൻ കരട് ബില്ല് തയ്യാറാക്കി. രാജ്യത്തിന് പ്രത്യേകിച്ച് ഒരു മതം ഇല്ലങ്കിലും ഇക്കൂട്ടരെ രണ്ടാം തരം പൗരന്മാരായിട്ടാണ് കാണുന്നത്. സഭാസമൂഹം രാജ്യത്തിന് നൽകിയ മഹത്തായ സംഭാവനകളെ പരിഗണിച്ചാണ് അവരെ ആദരിക്കാൻ തീരുമനിച്ചത്.

## ഇവാഞ്ചലിക്കൽ സഭാംഗം മൈക്ക് ജോൺസൺ പുതിയ സ്പീക്കർ

**യുഎസ്:** അമേരിക്കൻ പാർലമെന്റിന്റെ 56 – മത് സ്പീക്കറായി റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായ മൈക്ക് ജോൺസനെ തിരഞ്ഞെടുത്തത്. മുൻ സ്പീക്കറായിരുന്ന കെവിൻ മക്കാർത്തിയെ പുറത്താക്കിയതിനെ തുടർന്ന്, ആഴ്ച്ചകൾ നീണ്ട് നിന്ന അനിശ്ചിതത്വത്തിനൊടുവിലാണ് കടുത്ത ഇവാഞ്ചലിക്കൽ സഭാവിഭാഗക്കാരൻ കൂടിയായായ ജോൺസനെ തിരഞ്ഞെടുത്തത്. എല്ലാ സംഭവവികാസങ്ങളെയും ബൈബിൾ വീക്ഷണത്തിൽ കാണുന്ന തന്റെ എല്ലാ വാക്കുകളും വാർത്താപ്രാധാന്യമുള്ളവയാണ്. സ്വവർഗ്ഗരതിയെ പ്രകൃതി വിരുദ്ധമെന്നും, കമ്മ്യൂണിസവും, നീരിശ്വരവാദവും മാനവരാശിയുടെ വിപത്തുക്കളും ആണന്ന തന്റെ നിലപാടുകൾ വളരെ പ്രസിദ്ധമാണ്.

A WORD FROM THE PRESIDENT



BRO. DANIEL EASO

# Satan's Most Potent Weapon

What the Apostle Paul writes in 2 Corinthians 2:11 is one of the most important subjects- we are not to be ignorant of Satan's devices, and even though there are many weapons he may use, the most potent weapon is offense.

Why is offense such a powerful weapon? First of all, we're a fallen race. We don't see things clearly, and even when we think we're doing things right, oftentimes we're not. People can influence us in a profound way, we are prone to get offended, and even though we are made in God's image, sin has affected every aspect of our being, so we have a leaning to be offended.

Second, because we are made in God's image, we desire justice; so if someone does something unjustly, we are hurt. We have this concept of right and wrong. Have you ever wondered how a two or three-year-old child knows an injustice has been done to them when another child comes and steals one of their toys? Before they've ever been taught anything, they cry and scream because they know something is wrong. It's instinctive, being made in God's image, that we desire justice, and therefore when we are hurt, we feel we have the right to be offended.

And we also have a sense of dignity. When we are violated, we're offended, so offense is a part of human existence. The difficulty is, that if we harbor offense, we can be robbed of God's blessing. One of the most profound stories in Scripture is the story of Asa. In 1 Kings 15 and in 2 Chronicles 14-16, we read that Asa is a fascinating king; he was a good king; a tremendous king. In fact, 1 Kings 15:14 states that Asa's heart was fully committed to the Lord.

But Asa got offended when he was corrected by a prophet for doing something wrong. In 1 Kings, chapter 16, he had the prophet jailed, then he began to oppose some of the people of his reign, and became unjust, all because of an offense. The prophet was just relaying the word of the Lord, but Asa didn't want to hear it; he got offended, and when he contracted a disease, which ended up taking his life, it says, "He did not seek the Lord for help." This king, a godly king, had allowed offense to work in him, and as a result, it changed his heart and damaged his relationship with God.

The Bible tells us we will all face offense. Jesus said in Matthew 18:7 "Offense will come, but woe to that man by whom offense cometh." We are warned to be careful how we treat one another. In fact, sometimes we don't even know we've offended someone. Jesus offended people by speaking the truth, when He said, "Eat of My flesh and drink My blood." In John 6, people left Him because they thought they were offended by His word.

Jesus said, "But woe to the man when offense comes." What Jesus means is that we must be careful, lest we only think about ourselves, and we only think about what pleases us because self-worship is idolatry, and when we're caught in ourselves, we don't care about anybody else or how we hurt anybody else. However, the Bible says in 1 Corinthians, chapter 8, to not do something to cause your brother to stumble.

And Jesus is telling us to be very careful how we treat one another, so we don't become instruments of the enemy to bring offense and to ensnare someone. We must be open to having God reveal to us how we've offended others, so we can take action to correct it.

In Matthew, chapter 15, verses 21-25, it says "Leaving that place Jesus withdrew to the region of Tyre and Sidon, a Canaanite woman from that vicinity came to Him crying out Lord, Son of David, have mercy on me, my daughter is suffering terribly from demon possession. Jesus did not answer a word, so His disciples came to Him and urged Him, Send her away, she keeps crying out after us. He answered I was sent only to the lost sheep of Israel. The woman came and knelt before Him, Lord help me she said. He replied, "It is not right to take the children's bread and toss it to their dogs." "Yes Lord," she said, "but even the dogs eat the crumbs that fall from their master's table." Then Jesus answered, 'Woman you have great faith, your request is granted,' and her daughter was healed from that very hour." Let's take a look at a Syrophoenician woman; she's a radical lady. If anybody had the right to be offended, she had the right to be offended. First, you'll notice in verse 23 that she was ignored by Jesus; regardless of how much she cried out to Him, Jesus wouldn't pay her any attention. Second, she was rejected by the disciples; in fact, they publicly said to Jesus, where she could still hear them, "Get rid of this lady. Send her away, for she keeps crying out after us. "So, she's ignored by Jesus, and she's publicly rejected by the disciples. Then, Jesus calls her a dog when he says, "It is not right to take the children's bread and toss it to their dogs."

Now, if you've been ignored by Jesus, rejected by disciples, and called a dog, you have every right to be offended, right? I doubt if any of us have had an experience like that. But this is the amazing part of this woman. She chose not to be offended. This shows us, we have a choice when it comes to offense.

Second, she chose not to allow the offense to rob her of pursuing Jesus to get her goal, a miracle for her daughter. This is where we see that her desire is more important than the offense.

The third thing is she understood the goodness of God. When Jesus asked, "Is it right to take the children's bread and toss it to their dogs?" She could have easily been offended, wondering why this Man referring to her as a dog! However, she understood this was just like the other parables Jesus taught. Her response was, "Yes Lord, but even the dogs eat the crumbs that fall from their master's table." Which clearly demonstrates her belief in God was one of being good. Why? Because there were extra crumbs that fell from the table, even so, their animals could eat. There is no question that God is a good God.

She chose to love Him no matter what. She understood that God can do everything for good. It's not everything that happens in your life is good. It wasn't good for the disciples to reject her, it wasn't seemingly good for Jesus to ignore her or refer to her as a dog, but she understood the goodness of God, but turned it all around for good. God can take every offense you've ever had in your life and can turn it for good if you trust Him. As a result, her daughter was delivered from the demon and received her miracle.

When you study her from the text, you see that she understood Who Jesus was; she called Him, Jesus Lord, Son of David; she knew He was the Messiah. And this knowledge came from a non-Jewish, Syrophoenician woman, who even had a clear perspective of Jesus than His disciples did. She knew the goodness of God. If you know how good God is, it is going to transform the way you live, and it will keep you from being easily offended.

All of us will be tested, even with the reasons to be offended, but the end result is based on how we respond to our test. Many times, we tend to get offended easily because we've lost focus on the purpose for which we're here. You must understand the purpose or why you're here- to extend God's kingdom, to be His ambassador, and to be like Him as His representative in the world.

Another one who had a right to be offended was the Apostle Paul. When you think about Paul and Silas, who were beaten unjustly and thrown into the inner jail, instead of murmuring and complaining about how unjust it all was they start worshipping and praising God. The result is God set them free. There are many ministers who have left the ministry for less than that kind of abuse.

At another time, Paul came to the city of Lister to preach the Gospel and was stoned to death. The disciples prayed for him, and by God's hand, he miraculously got up. Then he goes to the next town and preaches the same Gospel that got him stoned in the last town. After that, he goes back to Lister where they stoned him.

The Gospel is being derailed because we've got too many believers who have thin skin, allowing every little thing to "bruise" them. We need to get a vision bigger than ourselves- a purpose greater than who we are. Begin to get involved in knowing God and loving Him with all your heart, soul, mind, and strength. When you do offense will not control you any longer. If you're desperate to be used by God, it's going to be hard for the enemy to offend you.

The Word says, "Great peace have they who love your law and nothing can offend them." If you're focused on God's purpose, God's will, and God's plan, you don't have to worry about offense. We can be as the Phoenician woman. We can choose not to be offended, we can stay focused on the desire or plan of God in our lives, and we can always remember that God is a good God. When we stay in peace, as the Scripture says, we, too, will live victorious and free of offense.

*The Word says, "Great peace have they who love your law and nothing can offend them." If you're focused on God's purpose, God's will, and God's plan, you don't have to worry about offense. We can be as the Phoenician woman.*

# പത്രൊസിന്റെ വല

**നമുക്ക് അനുഗ്രഹം ലഭിക്കുമ്പോൾ പ്രാർത്ഥനയുടേയും, കണ്ണുനീരിന്റെയും, വിശ്വാസത്തിന്റെയും, ഉപവാസത്തിന്റെയും, പ്രയത്നത്തിന്റെയും ഒക്കെയായി അവതരിപ്പിക്കുമ്പോൾ, ശിമോൻ പറയുകയാണ് ഈ മഹാപാപിയ്ക്കാണ് അങ്ങ് ഈ അനുഗ്രഹം എല്ലാം നൽകിയത്. അതുകൊണ്ട് യേശുവിന്റെ വിശുദ്ധിയുടെ മുമ്പിൽ തന്റെ അശുദ്ധാവസ്ഥ ഏറ്റ് പറഞ്ഞ ശിമോൻ ഒടുവിൽ ആ വല തന്നെ ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച് ശിഷ്യത്വം സ്വീകരിച്ചു. അനുഗ്രഹം തന്നാൽ അതിനെ ഉപേക്ഷിക്കുവാനും നമുക്ക് മനസ്സുണ്ടാവണം.**



**പീരുമേട് ക്ലീറ്റസ്**

യേശു ഗന്നേസരെത്ത് തടാകത്തിന്റെ കരയിൽ നില്ക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കേണ്ടതിന് അവനെ തിക്കിക്കൊണ്ടിരിക്കയിൽ രണ്ടു പടക് കരയ്ക്ക് അടുത്തു നില്ക്കുന്നത് അവൻ കണ്ടു; അവയിൽ നിന്ന് മീൻപിടിക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശിമോനുള്ളതായ ഒന്നിൽ അവൻ കയറി കരയിൽനിന്ന് അല്പം നീക്കേണം എന്ന് അവനോട് അപേക്ഷിച്ചു; അങ്ങനെ അവൻ പടകിൽ ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോട്: ''ആഴത്തിലേക്കു നീക്കി മീൻപിടിത്തത്തിന് വല ഇറക്കുവിൻ'' എന്നു പറഞ്ഞു. അതിനു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വല ഇറക്കാം എന്ന് ഉത്തരം പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ടു വല കീറാറായി. അവർ മറ്റേ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടിവിളിച്ചു. അവർ വന്നു പടകു രണ്ടും മുങ്ങുമാറാകുവോളം നിറച്ചു. ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു. അവർക്ക് ഉണ്ടായ മീൻപിടിത്തത്തിൽ അവനും അവനോടുകൂടെയുള്ളവർക്ക് എല്ലാവർക്കും സംഭ്രമം പിടിച്ചിരുന്നു. ശിമോന്റെ കൂട്ടാളികളായ യാക്കോബ്, യോഹന്നാൻ എന്ന സെബെദിമക്കൾക്കും അവ്വണ്ണംതന്നെ. യേശു ശിമോനോട്: ''ഭയപ്പെടേണ്ടാ, ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും'' എന്നു പറഞ്ഞു. പിന്നെ അവർ പടകുകളെ കരയ്ക്ക് അടുപ്പിച്ചിട്ടു സകലവും വിട്ട് അവനെ അനുഗമിച്ചു. ലൂക്കോസ് 5:11.

വളരെ പരിചിതമായ വേദഭാഗങ്ങളിൽ നിന്നും ശിമോന്റെ വലയുടെ നാല് അവസ്ഥകളിൽ നിന്നും നാല് ആത്മീയ പാഠങ്ങൾ ചിന്തിക്കാനാണ് ആഗ്രഹിക്കുന്നത്.

**കഴുകുന്ന വല**

യേശുവിന്റെ വചനം കേൾക്കേണ്ടതിനായി ഒരു വലിയ ജനക്കൂട്ടം ഗന്നേസരെത്ത് തടാക കരയിൽ തിരക്ക് കൂട്ടുന്നു. തടാക കരയിൽ മത്സ ബന്ധനവുമായി ബന്ധപ്പെട്ട് തന്നെ ഒരു വലിയ ജനകൂട്ടം സ്വാഭാവികമായും ഉണ്ടായിരുന്നു. വചനം കേൾക്കേണ്ടതിനാണ് ജനം യേശുവിനെ തിരക്ക് കൂട്ടുന്നതെങ്കിലും, തടാക കരയിലെ ജനക്കൂട്ടമോ യേശുവിന്റെ ദൃഷ്ടിയിൽ പതിക്കുന്നില്ല. മീൻ പിടിത്തത്തിന് ശേഷം പടകിൽ നിന്നിറങ്ങി വല കഴുകയായിരുന്ന രണ്ട് പേരിലാണ് യേശുവിന്റെ ദൃഷ്ടി പതിച്ചത്. രണ്ടു പേരും വല കഴുകയായിരുന്നു. സാധാരണയായി മീൻപിടുത്തതിന് ശേഷമാണ് വല കഴുകുന്നത്. വലയിൽ പറ്റി പിടിച്ചിരിയ്ക്കുന്ന മീനിന്റെ അവശിഷ്ടങ്ങളും, പായലും മറ്റ് മാലിന്യങ്ങളെല്ലാം കൈകൊണ്ട് പെറുക്കി മാറ്റി വെള്ളത്തിൽ കഴുകിയതിന് ശേഷം അടുത്ത ദിവസത്തെ മത്സ്യബന്ധനത്തിനായി വള്ളവും, വലയും തയ്യാറാക്കിയതിന് ശേഷമേ അവർ വീടുകളിലേയ്ക്ക് മടങ്ങൂ... ഇത് ഒരു പതിവ് പരിപാടിയാണ്. വലയിൽ കുടുങ്ങിയ മീനിന്റെ വലിപ്പത്തിനോ, എണ്ണത്തിനോ അനുസരിച്ചല്ല വൃത്തിയാക്കുന്നത്. മീൻ ലഭിച്ചാലും ഇല്ലെങ്കിലും വല കഴുകുക തന്നെ വേണം. യേശുവിനെ തിരക്ക് കൂട്ടുന്ന ജനത്തിനും, സ്വഭാവികമായും ആ തീരത്തുള്ള ആളുകൾക്കും അതൊരു സാധാരണ കാഴ്ച്ച മാത്രമായിരുന്നു. എന്നാൽ യേശുവിന് അതൊരു സാധാരണ കാഴ്ച്ചയല്ലായിരുന്നു. കാരണം അവർ വല കഴുകിയത് മീൻ പിടിച്ചതിന് ശേഷമാണെന്നുള്ളത് മറ്റ് കണ്ണുകൾക്ക് ഒരു സ്വാഭാവിക കാഴ്ച്ചമാത്രമായിരുന്നു. ഇതേ പോലെ പുറമേ കാണുന്നവർക്ക് നമ്മുടെ പ്രശ്നമോ യഥാർത്ഥ പ്രശ്നമോ എന്താണെന്ന് അറിയുവാൻ കഴിയുകയില്ല. അത് മനപൂർവ്വവുമാകാം. എന്നാൽ യേശു ശിമോന്റെ അടുക്കൽ എത്തിയ സമയം പോലും വളരെ കൃത്യമായിരുന്നു. കഴിഞ്ഞ മുഴു രാത്രിയിലെ അധ്വാനത്തിൽ ഒന്നും ലഭിച്ചില്ല എന്നത് തനിക്കു മാത്രം അറിയാവുന്ന കര്യമാണ്. ഇത് മനസ്സിലാക്കി തന്നെയാണ് യേശു ശിമോന്റെ അടുക്കൽ എത്തിയത്. ഈ യേശു, ശിമോനെ പോലെ ശൂന്യമായ വല കഴുകുന്നവരുടെ അടുക്കലും എത്തുന്നവനാണ്.

**ആഴത്തിലിറക്കിയ വല**

ശിമോന്റെ ശൂന്യമായ വല ഇപ്പോൾ ഗന്നസരേത്ത് തടാകത്തിന്റെ ആഴത്തിലാണ് ഉള്ളത്. ഇന്നലകളിൽ തനിക്ക് ദു:ഖവും, നിരാശയും നൽകിയ ശൂന്യമായ വല. യേശു ശിമോന്റെ പടകിൽ ഇരുന്നാണ് തടാക കരയിൽ തിരക്ക് കൂട്ടിയ ജനത്തോട് വചനം സംസാരിച്ചത്. തീർച്ചയായും യേശുവിന്റെ വചനമെല്ലാം ശിമോനും കേട്ടിരിക്കാം. അതിന് ശേഷം മാത്രമാണ് യേശുവും, ശിമോനുമായുള്ള സംഭാഷണം പോലും നടക്കുന്നതായി കഥയിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. ഒന്നാമതായി അനുസരിക്കുന്ന ഒരു ശിമോനെ കാണുവാൻ കഴിയും. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിന് അനുസരണം അനിവാര്യമായ അടിസ്ഥാന ഘടകമാണ്. രണ്ടാമതായി തന്റെ പരാജയം ഏറ്റുപറഞ്ഞു. നാഥാ രാത്രി മുഴുവനും അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. തന്റെ ശീലം രാത്രിയിലെ മീൻ പിടിത്തമാണ്. മീൻ പിടിക്കാൻ ആഴത്തിലായിരുന്നില്ല വലയിറക്കിയതെന്നും ഒരു സൂചന അവിടെ ഉണ്ട്. എന്നാൽ യേശു ശീമോനോട് രാത്രിയിലല്ല ഈ പകലിൽ, ഈ സൂര്യവെളിച്ചത്തിൽ തന്നെ നിന്റെ വലയിൽ മീൻ ലഭിക്കും. ജനത്തോടുള്ള വചന പ്രഭാഷണത്തിൽ ശിമോന്റെ ക്രിസ്തു വിലുള്ള വിശ്വാസത്തിന്റെ നാമ്പ് കിളിർത്ത് തുടങ്ങിയിരുന്നു. അത് ശിമോനെ ദൈവവചനത്തെ അനുസരിക്കുന്നവനാക്കി. തനിക്ക് നിരാശയും, ദുഃഖവും നൽകിയ അതേ പടക്, അതേ വല, അതേ ജലാശയം യേശുവിന്റെ അത്ഭുത ഇടപ്പെടലിലൂടെ അതിന്റെ ചരിത്രം തിരുത്തി കുറിച്ചു. യേശുവിന്റെ വാക്കിന് ആഴത്തിൽ വലയിറക്കിയപ്പോൾ പെരുത്ത മീൻക്കൂട്ടം ലഭിച്ചു. സ്വന്തം പടകിലും, മറ്റ് പടകുകളിലും, മറ്റെങ്ങും ഇനി ഇടം പോരായ്കയാൽ വലയും നിറയുവോളം നിറച്ചു. നമുക്ക് ദു:ഖവും, നിരാശയും നൽകുന്ന അതേ ഇടത്ത് ദൈവത്തിന് നമ്മെ ആനന്ദിപ്പിക്കുവാൻ കഴിയും.

**കീറാറായ വല**

ശിമോന്റെ വലയുടെ മൂന്നാമത്തെ അവസ്ഥയാണ് . നിരാശയുടെ കഥ പറഞ്ഞ് തുടങ്ങിയ വല ആഴത്തിൽ നിന്നും കരകയറുമ്പോൾ കീറിപോകും എന്ന് തോന്നുമാറ് പെരുത്ത മീൻ കൊണ്ട് നിറഞ്ഞു. പക്ഷെ കീറായ വല കണ്ട ശീമോൻ നിരാശനല്ല. ഒരുപക്ഷെ വല കീറി പോയാലും ശിമോന് സങ്കടം തെല്ലും ഇല്ല. ശൂന്യമായ പടകിൽ നിന്നും കഴുകി കൊണ്ടിരുന്ന വലയ്ക്കരികിലും സഹായിക്കാനെത്താതിരുന്ന മറ്റ് പടകുകളിലേക്കും ശിമോന്റെ വലയിൽ നിന്നും പകരുന്ന മീൻ ഹാ ... എത്ര മനോഹരവും അത്ഭുതവും നൽകുന്ന കാഴ്ച്ച. പ്രിയ വായനക്കാരെ ഈ യേശു ഇന്നും നമുക്കായി ജീവിയ്ക്കുന്നു.

**ഉപേക്ഷിച്ച വല**

പതിനൊന്നാം വാക്യം പിന്നെ അവർ പടകുകളെ കരെക്കു അടുപ്പിച്ചിട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു. തനിക്ക് പെരുത്ത മീൻ കൂട്ടം നൽകിയ ആ വലയും, പടകും ശിമോൻ ഉപേക്ഷിച്ചു. പെരുത്ത മീൻ കൂട്ടം ലഭിച്ചപ്പോഴാണ് ശീമോൻ യഥാർത്ഥത്തിൽ ആരാണെന്ന് സ്വയം ബോദ്ധ്യമായത്. എട്ടാം വാക്യം ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു. വലിയ അനുഗ്രഹം ലഭിച്ചപ്പോൾ താൻ ഒരു മഹാപാപിയായിരുന്നു എന്ന് തനിക്ക് ബോദ്ധ്യമായത്. നമുക്ക് അനുഗ്രഹം ലഭിക്കുമ്പോൾ പ്രാർത്ഥനയുടേയും, കണ്ണുനീരിന്റെയും, വിശ്വാസത്തിന്റെയും, ഉപവാസത്തിന്റെയും, പ്രയത്നത്തിന്റെയും ഒക്കെയായി അവതരിപ്പിക്കുമ്പോൾ, ശിമോൻ പറയുകയാണ് ഈ മഹാപാപിയ്ക്കാണ് അങ്ങ് ഈ അനുഗ്രഹം എല്ലാം നൽകിയത്. അതുകൊണ്ട് യേശുവിന്റെ വിശുദ്ധിയുടെ മുമ്പിൽ തന്റെ അശുദ്ധാവസ്ഥ ഏറ്റ് പറഞ്ഞ ശിമോൻ ഒടുവിൽ ആ വല തന്നെ ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച് ശിഷ്യത്വം സ്വീകരിച്ചു. അനുഗ്രഹം തന്നാൽ അതിനെ ഉപേക്ഷിക്കുവാനും നമുക്ക് മനസ്സുണ്ടാവണം.

# ഈജിപ്റ്റിലെ ഗുഹാചർച്ചും ഫാദർ സമാനും



**സതീഷ് ബി റോക്ക്സ്**
**വിവോ മോണ്ടൻ**

എങ്ങനെയാണ് തെരുവിലേക്ക് ദൈവം വന്നത്. അത് മറ്റൊന്നുമല്ല. നിന്ദിതരും തിരസ്കരിക്കപ്പെട്ടവരുമായ ഒരു സമൂഹത്തിന്റെ നിലവിളി ദൈവം കേട്ടതുകൊണ്ട് മാത്രമാണ്. ഈജിപ്ഷ്യൻ സമൂഹത്തിലെ ഏറ്റവും താഴ്ന്നവരായി കണക്കാക്കപ്പെടുന്ന ഇവർ എല്ലാ ദിവസവും പുലർച്ചെ 7,000-ത്തിലധികം കുതിരവണ്ടികളിലോ ചെറിയ ട്രക്കുകളിലോ മാലിന്യ തെരുവ് വിട്ട് കെയ്റോ നഗരത്തിലേക്ക് നീങ്ങും. അവിടെ ഏകദേശം 17 ദശലക്ഷം നിവാസികളിൽ നിന്ന് 13,000 ടൺ മാലിന്യം ശേഖരിച്ച് ഇടുങ്ങിയ മാലിന്യ തെരുവുകളിലേക്ക് മടങ്ങുന്നു. അവരുടെ വീടുകളിലേക്ക് കൊണ്ടുവരുന്ന മാലിന്യങ്ങൾ സ്ത്രീകളും കുട്ടികളും ചേർന്ന് ജൈവ, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് കൂമ്പാരങ്ങളാക്കി മാറ്റുന്നു. ജനങ്ങളുടെ വീടുകളിലും തെരുവുകളിൽ അലഞ്ഞുതിരിയുന്നതുമായ കന്നുകാലികളെ പോറ്റാൻ ജൈവ മാലിന്യങ്ങൾ ഉപയോഗിക്കുന്നു. ബാക്കി മാലിന്യങ്ങൾ വീടുകൾകക്ക് മുന്നിൽ കുന്ന് കൂട്ടിയിടും.

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ്, ഫാദർ സമാൻ എന്നൊരു മനുഷ്യൻ മലിന്യ തെരുവിനെ ശ്രദ്ധിച്ചു. സമാൻ ആദ്യമായി ഗാർബേജ് തെരുവിൽ വന്ന് നിൽക്കുമ്പോൾ, വീടുകളെല്ലാം ടെന്റ് കൊണ്ട് നിർമ്മിച്ചതായിരുന്നു. ജനങ്ങൾക്ക് ഇരിക്കാൻ കസേര ഇല്ലായിരുന്നു. അവർ തറയിൽ കാർഡ് ബോർഡിൽ ആണ് ഇരുന്നിരുന്നത്. റോഡോ വൈദ്യുതിയോ വെള്ളമോ ഒന്നും ഇല്ലായിരുന്നു. മനുഷ്യജീവിതത്തിന് ഒട്ടും യോജ്യമല്ലാത്ത ദുർഗന്ധം വമിച്ച ഇടങ്ങൾ മാത്രമായിരുന്നു. ചത്ത മൃഗങ്ങളിൽ നിന്നുള്ള ദുർഗന്ധം അതിനേക്കാൾ ഭയങ്കരമായിരുന്നു. എന്നാൽ ഇതൊന്നും അദ്ദേഹത്തെ ബാധിച്ചില്ല. വ്യക്തിപരമായി തന്നെ സ്വാധീനിച്ച വിഷയം ക്രിസ്തുവിന്റെ കൃപ ആവശ്യമുള്ള ആളുകളാണ് പ്രദേശവാസികൾ എന്നത് മാത്രമായിരുന്നു.

ഈ ആളുകളുടെ നഷ്ടബോധം ഫാദർ സമാന്റെ ഹൃദയത്തിൽ ആഴത്തിൽ ജ്വലിച്ചു. അപ്പോൾത്തന്നെ, മാറ്റത്തിന്റെ ദൈവത്തെ ഉപകരണമാകാൻ അദ്ദേഹം തീരുമാനിച്ചു. അവർക്കൊപ്പം പന്നിക്കൂടുകളിലൂടെ കടന്ന് അവർക്ക് ദൈവസ്നേഹം പകർന്നു. ''മാലിന്യം ചുമക്കുന്ന അവരുടെ കൈ ചുംബിക്കാനും, കാലിൽ ഷൂസ് ഇടാനും ദൈവം തന്നോട് പറഞ്ഞു.''

ദൈവത്തെക്കുറിച്ച് കേൾക്കാൻ ആളുകളെ ക്ഷണിക്കാൻ അദ്ദേഹം പോകുമ്പോൾ, അവർ പന്നിക്കൂടിനുള്ളിൽ പോയി ഒളിക്കുമായിരുന്നു. ചെരുപ്പുമായി അവരുടെ അരികിലെത്തുമ്പോഴേക്കും തന്റെ കാലുകൾ പുറത്തെടുക്കാൻ കഴിയാത്തവിധം മാലിന്യത്തിലേക്ക് താഴുമായിരുന്നു.

ദൈവം പറഞ്ഞതനുസരിച്ച് താനും ബൂട്ട് ധരിച്ച് ഇരുട്ടത്ത് ടോർച്ച് തെളിച്ച് അവരുടെ അടുക്കൽ എത്തി. കാരണം അവർക്ക് അടുക്കലേക്ക് എത്തുന്നത് എളുപ്പമായിരുന്നില്ല. അവർ വരാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, ഷൂസ് എടുത്ത് അവരുടെ കാലിൽ ഇട്ടു കൊടുക്കും. അത് അവരെ ശരിക്കും ഞെട്ടിക്കും. അവർ എന്നോടൊപ്പം വരും.

ഈ മേഖലയിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് ദൈവം തന്നെ നന്നായി പഠിപ്പിച്ചു. അങ്ങനെ മൊക്കാടം വില്ലേജിലെ മാലിന്യം ശേഖരിക്കുന്നവരുടെ ഇടയിൽ വിശ്വാസികളുടെ എണ്ണം വർധിക്കാൻ തുടങ്ങിയപ്പോൾ, അവർക്ക് ആരാധനാലയം ആവശ്യമാണെന്ന് വ്യക്തമായി. 1986-ൽ, ഒരു ജോലിക്കാരൻ അബദ്ധത്തിൽ ഒരു പാറയുടെ ഗുഹയിൽ വീണപ്പോൾ അത് പ്രാർത്ഥനയുടെ മറുപടി കൂടിയായി തീരും എന്ന് അദ്ദേഹം തീരെ പ്രതീക്ഷിച്ചിരുന്നില്ല.

പിരമിഡുകൾ നിർമ്മിക്കാൻ കല്ലുകൾ അറുത്തെടുത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ഗുഹ ആയിരുന്നു അത്. ഗുഹയിൽ കിടന്നിരുന്ന അവശിഷ്ടങ്ങൾ നീക്കുന്നതിന് സമാൻ വ്യക്തിപരമായി തന്നെ താത്പര്യമെടുത്ത് പ്രവർത്തിച്ചു. വളരെ ആവേശത്തോടെ ഗുഹ വൃത്തിയാക്കിയതിനെ പലരും ശാസിക്കുകയും ആത്മാവിനേക്കാൾ കല്ലുകൾക്ക് പ്രാധാന്യമുണ്ടോ എന്ന ചോദ്യങ്ങളാൽ പരിഹസിക്കുകയും ചെയ്തു. എന്നാൽ സമാൻ 20,000 പേർക്ക് ഇരിക്കാവുന്ന ഒരു സ്ഥലമാക്കി അതിനെ മാറ്റി. പിന്നീട് പരിവർത്തനത്തിന്റെ അടയാളങ്ങളായി സ്കൂളുകളുടെയും ക്ലിനിക്കുകളുടെയും നിർമ്മാണം നടന്നു.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ മൊക്കാടം മലയിൽ നിരവധി അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ട്. ചെറിയ കുടിലുകൾക്ക് പകരം ഇഷ്ടിക കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾ സ്ഥാപിച്ചു. തെരുവുകളിലെ വഴികൾ മുഴുവനും കല്ലുകൾ നിരത്തി സഞ്ചാരയോഗ്യമാക്കി. കുട്ടികൾ ഇപ്പോഴും ചവറുകൾക്കിടയിൽ കളിക്കുന്നു എങ്കിലും അവർ ക്രമേണ ഭാവിയിലേക്ക് നടന്നു നിങ്ങുകയാണ്. കാരണം യഥാർത്ഥ പരിവർത്തനം നടക്കുന്നതേ ഉള്ളൂ ഇനിയും ഏറെ മുന്നേറേണ്ടതുണ്ട് സമാൻ പറഞ്ഞു. ഗാർബേജ് തെരുവിന്റെ ഹൃദയഭാഗത്ത് സ്കൂളുകൾ, ക്ലിനിക്കുകൾ, പള്ളികൾ എന്നിവയുടെ നിർമ്മാണം ഈ പരിവർത്തനത്തിന്റെ അടയാളങ്ങളിൽ ഉൾപ്പെടുന്നു. വൊക്കേഷണൽ സ്കൂളിൽ ക്ലാസുകൾ, തയ്യൽ പരിശീനം, നെയ്ത്ത് പഠിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. അവർ ഉണ്ടാക്കുന്ന ഓരോ വസ്തുവിനും മൂല്യവും ഉപയോഗവുമുണ്ട്. മരപ്പണി ക്ലാസുകളിൽ ആൺകുട്ടികളെ ശവപ്പെട്ടികളിൽ ഉൾപ്പടെയുള്ള ഉപകരണങ്ങൾ നിർമ്മിക്കാൻ പഠിപിക്കുന്നു. ക്രമാതീതമായ മാലിന്യങ്ങൾ വർദ്ധിക്കുന്നുണ്ടെങ്കിലും, തരംതിരിക്കുന്നതിന് ക്രിയാത്മകമായ ഒരു സംവിധാനമുള്ളത് എടുത്ത് പറയേണ്ടതാണ്. പ്ലാസ്റ്റിക്കുകൾ, ലോഹങ്ങൾ, കടലാസുകൾ എന്നിവ ശേഖരിക്കുകയും റീസൈക്ലിംഗ് ഫാക്റ്ററികളിലേക്ക് കൊണ്ടുപോകുന്നതിനായി വലിയ ബെയിലുകളിലേക്ക് മാറ്റും. പ്ലാസ്റ്റിക്കുകൾ പുനരുപയോഗത്തിനായി ഉരുക്കുന്നതിന്റെ രൂക്ഷമായ ദുർഗന്ധം വകവയ്ക്കാതെ, മാലിന്യം ഉപയോഗയോഗ്യമായ വസ്തുക്കളാക്കി മാറ്റി പണിയെടുക്കാൻ ജനം വെമ്പുന്നു.

സബാലീൻ റീസൈക്ലിംഗ് സിസ്റ്റത്തിന്റെ കാര്യക്ഷമതയ്ക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ട്. ഏതൊരു ആധുനിക ഗ്രീൻ സംരംഭങ്ങളേക്കാളും വളരെ മുന്നിലാണ് ഈ സ്ഥലം. അവർ ശേഖരിക്കുന്ന മാലിന്യത്തിന്റെ 80 ശതമാനവും റീസൈക്കിൾ ചെയ്യുന്നു. അതേസമയം മിക്ക പാശ്ചാത്യ രാജ്യങ്ങളിലും, മാലിന്യ ശേഖരണ കമ്പനികൾക്കും മാലിന്യത്തിന്റെ 20-25 ശതമാനം മാത്രമേ റീസൈക്കിൾ ചെയ്യാൻ കഴിയുന്നുള്ളൂ.

ഇന്ന്, മാലിന്യ തെരുവുകളിലൂടെ സൗമ്യമായി നടക്കുന്ന ഫാദർ സമാന്റെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും അടുത്തേക്ക് ആളുകൾ ഒഴുകിയെത്തുന്ന കാഴ്ച വിസ്മയിപ്പിക്കുന്നതാണ്. പ്രാർത്ഥനയ്ക്കും രോഗശാന്തിക്കുമുള്ള അഭ്യർത്ഥനകൾക്കു മുമ്പിൽ ഫാദർ സമാൻ പലപ്പോഴും നിർവികാരനായി നിൽക്കും. ഈ പ്രവൃത്തിക്ക് വലിയ വിശ്വാസം ആവശ്യമാണ്, ദൈവം പലപ്പോഴും അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയുമാണ് സ്വയം വെളിപ്പെടുത്തുന്നത്.

ജനങ്ങൾക്ക് തന്റെ ശ്രദ്ധയും സാനിധ്യവും ഏറ്റവും ആവശ്യമുള്ളതാണെങ്കിലും അദ്ദേഹം വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുന്നു. ''ഒരു മാലിന്യ ശേഖരണക്കാരന്റെ ജോലി കെയ്റോയിൽ നിന്ന് മാലിന്യം ശേഖരിക്കുക എന്നതാണ്. അവരിൽ ഒരാൾ ക്രിസ്തുവിനെ അറിയുമ്പോൾ, അവർ ലോകത്തിന് ഒരു വെളിച്ചമായിത്തീരുന്നു. സുവിശേഷം അറിയിക്കാതെ തന്നെ അവന്റെ ജീവിതം ഒരു സാക്ഷ്യമാകുകയാണ്.''

'മാലിന്യം ശേഖരിക്കുന്നവർക്ക് ക്രിസ്തുവിനായി എല്ലാ ജനങ്ങളിലേക്കും എത്തിച്ചേരാനാകും' ദീർഘവീക്ഷണമുള്ള, ഫാദർ സമാൻ കെയ്റോയ്ക്ക് പുറത്തുള്ള മരുഭൂമിയിലേക്ക് പതിവായി പോവും, അവിടെ 5,000 പേർക്ക് ഇരിക്കാവുന്ന ഒരു പള്ളി പണിയാനുള്ള തന്റെ പുതിയ കാഴ്ചപ്പാട് പങ്ക് വയ്ക്കുന്നു, കൂടാതെ സബാലീൻമാർക്ക് ഗാർബേജ് തെരുവിന്റെ ശൂന്യത ഉപേക്ഷിച്ച് തുറസ്സായ സ്ഥലങ്ങൾ ആസ്വദിക്കാൻ കഴിയുന്ന ഒരു റിട്രീറ്റ് സെന്ററും പണിയണമെന്ന് ആഗ്രഹിക്കുന്നു. ഈ ആളുകൾ അഭിമുഖീകരിക്കുന്ന അവഹേളനങ്ങൾക്കിടയിലും, കെയ്റോയുടെ ഹൃദയം കർത്താവിലേക്ക് തിരിക്കുന്നതിന് മാലിന്യ തെരുവിന്റെ ആളുകളെ ദൈവം ഉപയോഗിക്കുമെന്ന് ഫാദർ സമൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കോപ്റ്റിക് ചർച്ചിന് എല്ലാ ആളുകളിലേക്കും എത്തിച്ചേരാൻ കഴിയില്ല, കാരണം അവർക്ക് ധാരാളം പരിമിതികളുണ്ട്. നമ്മുടെ പള്ളികളിൽ ആരാധനാ യോഗങ്ങൾ മാത്രമേയുള്ളൂ. ഈജിപ്തിന്റെ അനുഗ്രഹമായി ദൈവം അവരെ തിരഞ്ഞെടുത്തിരിക്കുന്നു. എന്റെ ജനമായ ഈജിപ്ത് അനുഗ്രഹിക്കപ്പെടട്ടെ എന്ന് സമാൻ കൂടെ കൂടെ ഉരുവിടുന്നു.

അദെൽ ഗാഡ് എൽ കരീം ആണ് നിലവിൽ സഭയിൽ സേവനം ചെയ്യുന്നത്. ചവറ് ശേഖരിക്കുന്ന ഒരാളായി മാത്രം എന്നെ കാണരുതെന്ന് ഒരാൾ സമനോട് പറഞ്ഞു. കാരണം യേശുവിൽ എന്റെ മൂല്യം വലുതാണ്. അതുകൊണ്ട് ഇപ്പോൾ ഞാൻ ഒരു സുവിശേഷകനാണ്, രാഷ്ട്രങ്ങൾ എന്റെ അടുക്കൽ വരുന്നു 'പള്ളി സന്ദർശിക്കുന്നു', യേശു എന്റെ ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചുവെന്ന് എനിക്ക് അവരോട് പറയുവാൻ കഴിയും.

ജീവിതത്തെ മാറ്റിമറിക്കുകയും അവരെ ദൈവത്തിങ്കലേക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്യുക എന്നതാണ് പിതാവിനെപ്പോലെ പ്രിയപ്പെട്ട ഫാദർ സമാനന്റെ ജീവിതത്തിന്റെ ലക്ഷ്യം. അദ്ദേഹം അവരുടെ മധ്യസ്ഥനും ആത്മവിശ്വാസവും ഒരു സഹോദരനെക്കാൾ അടുപ്പമുള്ള ഒരു സുഹൃത്തുമാണ്. അദ്ദേഹം അവരുടെ ആത്മീയ നേതാവും കൂട്ടാളിയുമാണ്.

'ഇത് നമ്മുടെ ലോകത്തെ മാറ്റാനുള്ള സമയമാണ്,' ഫാദർ സമൻ പറയുന്നു. നമുക്ക് രാവും പകലും പ്രാർത്ഥിക്കണം, കരയണം, നിലവിളിക്കണം, കഷ്ടപ്പെടണം, ഞരങ്ങണം. പരിശുദ്ധാത്മാവിന്റെ ഈ പ്രവൃത്തിയെ കർത്താവ് പിന്തുണയ്ക്കുകയും ചെയ്യും. എന്നാൽ നമ്മൾ യേശുവിനെ കുറിച്ച് സംസാരിക്കുന്നത് വാക്കുകളിൽ മാത്രമല്ല, നമ്മുടെ വിശ്വാസത്തെ പിന്തുടരുന്ന അത്ഭുതങ്ങളെക്കുറിച്ചും, ലോകം കാണുകയും വിശ്വസിക്കുകയും ക്രിസ്തുവിലേക്ക് മടങ്ങുകയും ചെയ്യും.

**ഈ ആളുകൾ അഭിമുഖീകരിക്കുന്ന അവഹേളനങ്ങൾക്കിടയിലും, കെയ്റോയുടെ ഹൃദയം കർത്താവിലേക്ക് തിരിക്കുന്നതിന് മാലിന്യ തെരുവിന്റെ ആളുകളെ ദൈവം ഉപയോഗിക്കുമെന്ന് ഫാദർ സമൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കോപ്റ്റിക് ചർച്ചിന് എല്ലാ ആളുകളിലേക്കും എത്തിച്ചേരാൻ കഴിയില്ല, കാരണം അവർക്ക് ധാരാളം പരിമിതികളുണ്ട്. നമ്മുടെ പള്ളികളിൽ ആരാധനാ യോഗങ്ങൾ മാത്രമേയുള്ളൂ. ഈജിപ്തിന്റെ അനുഗ്രഹമായി ദൈവം അവരെ തിരഞ്ഞെടുത്തിരിക്കുന്നു. എന്റെ ജനമായ ഈജിപ്ത് അനുഗ്രഹിക്കപ്പെടട്ടെ എന്ന് സമാൻ കൂടെ കൂടെ ഉരുവിടുന്നു.**

**ഏത് മേഖലയിലും ആത്മ വിശ്വാസം വർധിപ്പിക്കുവാൻ ഇടയായാൽ ഉറപ്പും ധൈര്യവും നേടിയെടുക്കാൻ സാധിക്കും. ജനിക്കുമ്പോൾ തന്നെ ആരും നേട്ടങ്ങൾ കൈവരിച്ചല്ല വരുന്നത്. വളർച്ചയുടെ ഓരോ പടിയും ഉയർച്ചയുടെ നേട്ടങ്ങൾ ആക്കുവാനുള്ള ആത്മവിശ്വാസം കൈവരിച്ചാണ് ഉന്നതങ്ങളിൽ അനേകർ എത്തിയത്. പ്രതിസന്ധികളിൽ ഭീരുക്കളാകാതെ ആത്മ വിശ്വാസം വർധിപ്പിച്ചു മുന്നേറുക, പ്രാർത്ഥനയിൽ ശക്തിപ്പെട്ടുകൊണ്ട് തളരാതെ മനക്കരുത്തോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുക വിജയം ഉറപ്പാണ്.**

# പ്രതിസന്ധികളിൽ വിജയം ഉറപ്പ്!



ഷാജി ആലുവിള

ആത്മവിശ്വാസം ആണ് ഏത് വ്യക്തിക്കും ജീവിത വിജയത്തിന് അടിസ്ഥാന ഘടകം. അതു വ്യക്തിത്വമായി ബന്ധപ്പെട്ടിരിക്കുന്നു. പെരുമാറ്റം പ്രവർത്തി എന്നിവയിൽ കൂടി അതു പ്രകടം ആകുന്നു. ആത്മവിശ്വാസമുള്ള വ്യക്തി യാഥാർഥ്യ ബോധത്തോടെ വസ്തുതകളെയും സ്വന്തം കഴിവുകളെയും വിലയിരുത്തി പ്രവർത്തിച്ചു ലക്ഷ്യത്തിൽ എത്തും. ഒരു ലക്ഷ്യം മുന്നിൽ കാണുകയും ശരിയായ പദ്ധതിയിലൂടെ അതിനെ വിജയ പഥത്തിൽ എത്തിക്കയും ചെയ്യുന്നത് ആണ് ആത്മ വിശ്വാസത്തിന്റെ ഉറപ്പ് എന്നു പറയുന്നത്.

ഏത് മേഖലയിലും വിജ്ഞാനത്താലുള്ള നയ്പുണ്യം നേടിയാലും നിരന്തരമായി അതിൽ ചിലരെ അലട്ടുന്ന ഒരു വിഷയം ആണ് പരാജയ ഭീതി. അവർ ലളിതമായ പ്രശ്നങ്ങളെ പോലും നേരിടാതെ ഒഴിഞ്ഞു മാറും. എനിക്ക് അതു ചെയ്യണം എന്നാഗ്രഹിക്കയും സമയം വരുമ്പോൾ ആത്മ ധൈര്യം ചോർന്നു പോകയും ചെയ്യുന്നു. ഉടനടി ശാരീരികമായി തളരുകയും വിയർത്ത് തണുത്തവസ്ഥയിൽ ബലക്ഷയം തോന്നുകയും ചെയ്യുന്നു. കാരണം ആ പ്രവർത്തിയിലൂടെ തനിക്കോ മറ്റുള്ളവർക്കോ കാര്യമായ സംതൃപ്തി കിട്ടില്ല എന്നുള്ള പരാജയ ഭീതി ചിലപ്പോൾ അലട്ടി പിന്നോട്ട് പിടിച്ചു നിർത്തും. വെല്ലുവിളികളെ ഏറ്റെടുക്കുവാനും പരിഹരിക്കാം എന്നുള്ള ഉറച്ച വിശ്വാസവും ഉണ്ടങ്കിൽ മാത്രമേ വിജയ സോപാനത്തിൽ എത്തുവാൻ സാധിക്കു.

വേദപുസ്തക ചരിത്ര നേതാക്കന്മാർ ദൈവം ഭരമേൽപ്പിച്ച ഉത്തരവാദിത്വത്തിൽ ആത്മവിശ്വാസം നിലനിർത്തിയതിനാൽ ആണ് സധൈര്യം വിജയത്തിലൂടെ മുന്നേറിയത്. മോശയും, യോശുവയും, ദാവീദും, യാക്കോബും, ഗിദയോനും,ഏലിയാവും, ഏലീശയും, പൗലോസും, പത്രോസും, ശീലാസും, യോഹന്നാനും ഒക്കെ ആത്മവിശ്വാസത്തിൽ ദൈവത്താൽ എനിക്ക് സകലതും സാധ്യം എന്നു ആത്മ ധൈര്യം ഏറ്റെടുത്തു. കേവലം ഭീതി അല്പമായി തലപൊക്കിയെങ്കിലും ദൈവത്താൽ അവർ പ്രതിസന്ധികളിൽ പ്രശനങ്ങളുടെ ചെങ്കടലും, വൻ മതിലും ചാടി കടന്നു. പ്രതിസന്ധികളിൽ ഭയം ഉള്ള യെഹോശാഫാത് ദൈവത്തിൽ ആശ്രയിച്ചതുപോലെ (2 ദിന: 20:1–12), അത്യാഹിതത്തിൽ ദൈവത്തെ ആശ്രയിക്കുന്ന യായിറോസിനെ പ്പോലെയും (മർക്കോ: 5:21–23), പരീക്ഷകളിൽ ഭയപ്പെടാത്ത അബ്രഹാമിനെ പോലെയും (ഉൽപ്പ:22:2), പിന്നിലുള്ള ശത്രുവിനെ ഭയപ്പെടാത്ത മോശയേപ്പോലെയും (ഉൽപ്പ:14:10–22; 32:10–14) ദൈവത്തിലുള്ള വിശ്വാസം ഒരു ദൈവ പൈതൽ കൈവരിച്ചാൽ നമുക്കും വിജയം ഉറപ്പാണ്. ഒപ്പം ഒരു പ്രോത്സാഹനം പിന്നിൽ നിന്ന് അനുമോദനമായി കൈമാറിയാൽ അവർക്ക് ആത്മ ശക്തി വർധിക്കാൻ ഇടയാകും. മനസിൽ നന്മയുടെ വെളിച്ചം ഉള്ളവർക്ക് മാത്രമേ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാൻ സാധിക്കു. അസൂയാലുക്കൾ ഒരിക്കലും ആർക്കും നന്മ നേരാതെ മറ്റുള്ളവരുടെ നന്മയിലും നേട്ടത്തിലും ആസ്വസ്ഥതരായി കാണപ്പെടും. അതിൽ ജേതാവ് തളരുകയും അരുത്.

ആത്മ വിശ്വാസം ഉള്ളവർക്ക് മറ്റുള്ളവരിൽ വിശ്വാസം വർധിപ്പിക്കുവാൻ ഇടയായി തീരും. ജനത്തെ വിശ്വാസിപ്പിക്കാനുള്ള കഴിവ് അതാണ് ആവശ്യമായിരിക്കുന്നത്. സ്വയം കഴിവുകൾ തിരിച്ചറിയുക. നേട്ടങ്ങളിൽ സന്തോഷിക്കുക, അഭിമാനം കാത്തു സൂക്ഷിക്കുക, ചെയ്ത പ്രവർത്തിയിൽ മതിപ്പു തോന്നുകയും സ്വയം അഭിനന്ദിക്കുകയും ചെയ്യുക. അപ്പോൾ നമുക്ക് തന്നെ നമ്മെ കുറിച്ച് അഭിമാനം തോന്നും. മറ്റൊരാളെ സ്നേഹിക്കുക, അനുസരിക്കുക, ബഹുമാനിക്കുക എന്നിവയിലൊക്കെ ആത്മവിശ്വാസത്തിന്റെ സ്വാധീനം ഉണ്ട്. അത് മറ്റുള്ളവരെ അടുത്തറിയുവാൻ ഇടയായി തീരും. എന്നാൽ ആത്മ നിന്ദ കൈമുതലായുള്ള ആളിന് സ്വയം കുറ്റപ്പെടുത്തിയും പുച്ഛിച്ചും, പോകുവാനേ പറ്റുകയുള്ളു. ആത്മ വിശ്വാസമില്ലായ്മ ശാപമായി കണക്കാക്കി കുറ്റബോധത്തിൽ ദുഃഖിക്കരുത്. മോശ ദൈവത്തോട് പറഞ്ഞു ഞാൻ കഴിവ് ഇല്ലാത്തവൻ എന്ന്. ദൈവം കൂടെയുണ്ടായിരുന്ന മോശ ദൈവാലോചനപ്രകാരം മുന്നേറിയപ്പോൾ ചെങ്കടലും, യോർദ്ദാനും, യേരിഹോം കോട്ടയും, കടന്നു വലിയ ജനകീയ നേതാവായി മാറി. യിസ്രായേലിന്റെ മുമ്പിലെ ഗോലിയാത്തിനെ ജയിച്ച ദാവീദും ആത്മവിശ്വാസത്തിൽ അല്ലെ ജയിച്ചത്.

ആത്മ വിശ്വാസം വർധിപ്പിക്കാൻ മരുന്നില്ല. സ്വയം ഭയത്തെ പുറത്താക്കുക. മുൻ പ്രധാന മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യയുടെ പ്രഥമ വനിതാ പ്രധാനമന്ത്രി ആയി. അവരെ ഇന്ത്യയുടെ ഉരുക്കു വനിതയായി ലോകം കണ്ടു. കേവലം ഒരു സ്ത്രീ, അവരുടെ ആത്മ വിശ്വാസത്തിലുള്ള ആജ്ഞ ജനം അംഗീകരിച്ചു, അനുസരിച്ചു. അതുപോലെ എത്ര ലോകവനിതകൾ, ലോക രാജ്യങ്ങളെ നയിച്ചു. അടുക്കളയിൽ നിന്നും അങ്ങാടിയിലേക്കും അവിടെ നിന്ന് ഏതെല്ലാം പരമോന്നത പദവികളിലേക്കും വനിതാ സംഘം കുതിച്ചുയർന്നു, ഉയരുന്നു. അതെല്ലാം അവർ സ്വയം കൈവരിച്ച ആത്മ വിശ്വാസത്തിൽ നിന്നാണ്. അതുപോലെ ആയി തീരണം എന്നാഗ്രഹം ഉള്ളവർ സ്വയം കാരുത്താർജിക്കുക, വിജയം ഉറപ്പാണ്. പക്വതയുള്ള ആത്മീയരോടും, വളർച്ചയെ സഹായിക്കുന്ന നല്ല സ്നേഹിതരോടും കൂടുതൽ ഇടപെടുകയും അനുഭവസ്ഥരിൽ നിന്ന് ഉയർച്ചയുടെ പടവുകൾ പാഠങ്ങൾ ആക്കുകയും, ദൈവത്തിൽ അടിയുറച്ച ആത്മവിശ്വാസവും സ്വന്തമായ ആത്മവീര്യവും കൈവരിച്ചാൽ ഏത് പദവികളും വിജയത്തോടെ കൈകാര്യം ചെയ്തു വിജയം നേടാൻ സാധിക്കും. ആത്മ വിശ്വാസം കെടുത്തുന്ന സംസാര രീതിയുള്ളവരോട് അകന്നു നിൽക്കുന്നതും ഒരു പരിധിവരെ നല്ലതായിരിക്കും.

“താഴെ വീഴുന്നതല്ല പരാജയം, അവിടെ തന്നെ കിടക്കുന്നതാണ് പരാജയം. എല്ലാ വിജയികളും പരാജയത്തിൽ നിന്നാണ് ജയിച്ചുയർന്നത്. അടിമത്വം അമേരിക്കയിൽ നിർത്തലാക്കിയ അമേരിക്കൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ പരാജയത്തിന്റെ പർവ്വതപ്പടി പല പ്രാവശ്യം ചവിട്ടി കയറി. ആത്മ വിശ്വാസം വർധിപ്പിച്ചുകൊണ്ട് ഒടുവിൽ ഉന്നത വിജയത്തിന്റെ കൊടുമുടിയിൽ താൻ കയറി അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റായി. വീണടുത്തു കിടന്ന് വീണുപോയവരെ നോക്കി പഠിക്കാതെ വിജയിച്ചു നിൽക്കുന്നവരെ നോക്കി എഴുന്നേൽക്കുമ്പോൾ വിജയം ഉറപ്പാണ്. വീഴാതിരിക്കാൻ സൂക്ഷിക്കുകയും, വീണുപോയതായ കാരണം കണ്ടുപിടിച്ചു, തിരുത്തി എഴുന്നേൽക്കുകയും പിന്നെ വീഴാതെ നിൽക്കുകയും വേണം. പരസ്പരമുള്ള പഴി ചാരലും, പരിഹാസങ്ങളും അവസാനിപ്പിച്ച് കൈത്താങ്ങുകയും പ്രോത്സാഹിപ്പുകയും ചെയ്യുക.

ഏത് മേഖലയിലും ആത്മ വിശ്വാസം വർധിപ്പിക്കുവാൻ ഇടയായാൽ ഉറപ്പും ധൈര്യവും നേടിയെടുക്കാൻ സാധിക്കും. ജനിക്കുമ്പോൾ തന്നെ ആരും നേട്ടങ്ങൾ കൈവരിച്ചല്ല വരുന്നത്. വളർച്ചയുടെ ഓരോ പടിയും ഉയർച്ചയുടെ നേട്ടങ്ങൾ ആക്കുവാനുള്ള ആത്മവിശ്വാസം കൈവരിച്ചാണ് ഉന്നതങ്ങളിൽ അനേകർ എത്തിയത്. പ്രതിസന്ധികളിൽ ഭീരുക്കളാകാതെ ആത്മ വിശ്വാസം വർധിപ്പിച്ചു മുന്നേറുക, പ്രാർത്ഥനയിൽ ശക്തിപ്പെട്ടു കൊണ്ട് തളരാതെ മനക്കരുത്തോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുക വിജയം ഉറപ്പാണ്.

**മോശയും, യോശുവയും, ദാവീദും, യാക്കോബും, ഗിദയോനും,ഏലിയാവും, ഏലീശയും, പൗലോസും, പത്രോസും, ശീലാസും, യോഹന്നാനും ഒക്കെ ആത്മ വിശ്വാസത്തിൽ ദൈവത്താൽ എനിക്ക് സകലതും സാധ്യം എന്നു ആത്മ ധൈര്യം ഏറ്റെടുത്തു.**

**എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്.**

# നീ ഇങ്ങനെ അല്ലായിരുന്നെങ്കിൽ?



**അർഷ്യ റെയ്ച്ചൽ ജോൺ**
**ജർമ്മനി**

വളരെ വയോധികയായ ഒരു ചൈനീസ് സ്ത്രീക്ക് രണ്ട് വലിയ പാത്രങ്ങൾ ഉണ്ടായിരുന്നു. ഒരു കമ്പിന്റെ രണ്ട് വശങ്ങളിലായി കയറുകൾ കൊണ്ട് ബന്ധിച്ച് തോളിൽ തൂക്കി വീടിനടുത്തുള്ള അരുവിയിൽ നിന്നും വീട്ടിലേക്ക് വെള്ളം കൊണ്ടുവരുന്നതിനായിരുന്നു പാത്രങ്ങൾ ഉപയോഗിച്ചിരുന്നത്. അതിൽ ഒരു പാത്രം കാലപഴക്കംകൊണ്ടും, മറ്റ് പരുക്കളാലും ചോർച്ച ഉള്ള പാത്രമായിരുന്നു. എല്ലാ ദിവസവും വൃദ്ധയായ സ്ത്രീ ഈ പത്രങ്ങളിലാണ് വെള്ളം കോരിയിരുന്നത്. പൊട്ടിയ പാത്രത്തിൽ നിന്നും അരുവി മുതൽ വീടിന്റെ അടുക്കളവരെ വെള്ളം ചോരുന്നതും, പോകുന്നയിടങ്ങളിലെല്ലാം നനയുകയും വൃത്തികേടാകുന്നതും പതിവായിരുന്നു. ഈ പാത്രങ്ങൾ ഉപയോഗിച്ച് വെള്ളം കോരുന്നത് ആ വൃദ്ധ രണ്ട് വർഷത്തോളം തുടർന്നു. പൊട്ടാത്ത പാത്രം തന്റെ നേട്ടങ്ങളിൽ അഭിമാനിക്കുകയും പൊട്ടിയ പാത്രത്തെ പരിഹസിക്കുകയും ചെയ്യുന്നത് പതിവായി. അപമാനഭാരത്താൽ സങ്കടം സഹിക്കവയ്യാതെ പൊട്ടിയ പാത്രം അരുവിക്കരയിൽ വച്ച് വൃദ്ധയോട് പറഞ്ഞു. എനിക്ക് എന്നെ കുറിച്ച് തന്നെ ലജ്ജ തോന്നുന്നു. കാരണം എന്റെ വശത്തുനിന്നും പുറത്തേയ്ക്ക് ഒഴുകുന്ന വിള്ളൽ നിമിത്തം നിങ്ങൾ നടക്കുന്ന വഴിയും, വീടിന്റെ അകവുമെല്ലാം നനയുന്നതിനും, അതു നിമിത്തം വൃത്തികേടാകുന്നതിനും കാരണമാകുന്നു. വളരെ വിനയത്തോടെ പാത്രത്തിന്റെ സങ്കട കഥ കേട്ട വൃദ്ധ നീ വീട്ടിലേക്കുള്ള പാതയുടെ ഇരുവശങ്ങളും ശ്രദ്ധിച്ചിട്ടുണ്ടോ? നിന്നെ തൂക്കിയിട്ടിരുന്ന വശത്ത് ധാരാളം ചെടികൾ തഴച്ച് വളർന്ന് നിൽക്കുന്നതും, വളരെ ഭംഗിയും, ബഹുവർണ്ണങ്ങളുമുള്ള പുഷ്പങ്ങളാൽ എന്റെ പരിസരത്തെ മനോഹരമാക്കി നിൽക്കുന്നത് കണ്ടോ? അതിന് കാരണം നിന്നിൽ നിന്ന് ചോർന്ന വെള്ളമാണ്. ഞാനും നിന്റെ ബലഹീനതയും പോരായ്മയും കണ്ടപ്പോൾ അത് എങ്ങനെ പരിഹരിക്കണം എന്ന് ആലോചിച്ചു. അതിന് നീ പോകുന്ന ഭാഗത്ത് വിവിധ പുഷ്പ്പ ചെടികളുടെ വിത്തുകൾ ഞാൻ പാകി. പക്ഷെ അതിന് ദിവസവും വെള്ളം ഒഴിച്ച് നനച്ച് വളർത്തിയത് നീ ആണ്. ഈ ചെടികളിൽ നിന്നും പറിച്ചെടുത്ത പുഷ്പങ്ങൾ കൊണ്ടാണ് ഞാൻ എന്റെ വീട് അലങ്കരിക്കുന്നതും. അതിനെല്ലാം നീ ആണ് കാരണം. നേരെ മറിച്ച്, മറുവശത്തുള്ള വഴിയരിക് നീ നോക്കൂ. ആ സ്ഥലങ്ങൾ ശൂന്യമാണ്. അതുകൊണ്ട് നിന്നെ നീ ആയിരിക്കുന്നതു പോലെ ഉപയോഗിക്കാനാണ് എനിക്ക് ഇഷ്ടം. അതുകൊണ്ട് നീ സങ്കടപ്പെടരുത്.

എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്. 2 കൊരിന്ത്യർ 4:7. നാം ആകുന്ന മൺപാത്രങ്ങളിൽ പകർന്നിരിക്കുന്നത് ദൈവത്തിന്റെ അത്യന്തശക്തിയാണ്. ബഹീനവും, ഹീനവും, നിന്ദിതവുമായ അവസ്ഥയിൽ നമ്മെ ഉപയോഗിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. പൗലോസ് ഈ വചനം പറഞ്ഞതിന്റെ പശ്ചാത്തലം ഏവർക്കും സുപരിചിതമാണ്. പൗരാണിക കാലങ്ങളിൽ സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായ ലോഹനാണയങ്ങളും, ആഭരണങ്ങളും, നിധിയും സൂക്ഷിച്ച് വച്ചിരുന്നത് മൺപാത്രങ്ങളിലായിരുന്നു. അതുകൊണ്ട് പൗലോസ് അടിവരയിട്ട് പറയുന്നു നമ്മിൽ ഉള്ളത് ദൈവത്തിന്റെ വളരെ വളരെ വിലപ്പെട്ട നിക്ഷേപങ്ങളാണ്. വിലപ്പെട്ട നിക്ഷേപങ്ങൾ സൂക്ഷിച്ച് വച്ചിരിക്കുന്ന വിലപ്പെട്ട മൺപാത്രങ്ങളാണ് നാം ഓരോരുത്തരും.

# വിജയകരമായ പിൻഗാമി

**ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ തൂക്കിനോക്കുന്നു. സദൃശവാക്യങ്ങൾ 5:21. എല്ലായിടത്തും സംഭവിക്കുന്നത് കർത്താവ് കാണുന്നു; യഹോവയുടെ കണ്ണു എല്ലാടവും ഉണ്ടു; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു.**

**ഡോ. ബാബു ഫിലിപ്പ്**

ഒരു ചക്രവർത്തിക്ക് കുട്ടികളില്ലായിരുന്നു. തന്റെ സാമ്രാജ്യത്തിലെ ആൺകുട്ടികളിൽ നിന്ന് തന്റെ സിംഹാസനത്തിലേക്ക് അനുയോജ്യമായ ഒരു പിൻഗാമിയെ തിരഞ്ഞെടുക്കാൻ അദ്ദേഹം തീരുമാനിച്ചു. താൽപ്പര്യമുള്ള ആൺകുട്ടികൾ ഒരു നിശ്ചിത തീയതിയിൽ രാവിലെ കൊട്ടാരത്തിൽ ഒത്തുകൂടണമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ആൺകുട്ടികൾ എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, നിങ്ങൾക്ക് ഒരു ലളിതമായ പരീക്ഷയുണ്ട്. ഞാൻ നിങ്ങൾക്ക് ഓരോരുത്തർക്കും ഓരോ വിത്ത് നൽകും. നിങ്ങൾ അത് വീട്ടിലേക്ക് കൊണ്ടുപോയി ശ്രദ്ധാപൂർവ്വം ഒരു കലത്തിൽ നടണം. സാധ്യമായ എല്ലാ പരിചരണവും നൽകി അടുത്ത വർഷം ഇതേ സമയത്ത് കലം എന്റെ അടുക്കൽ കൊണ്ടുവരിക. ഞാൻ പാത്രങ്ങൾ പരിശോധിച്ച് വിജയിയെ ഈ വിശാലമായ സാമ്രാജ്യത്തിന്റെ സിംഹാസനത്തിലേക്ക് എന്റെ പിൻഗാമിയായി സ്വീകരിക്കും.

ആൺകുട്ടികൾ വിത്ത് വീട്ടിലേക്ക് കൊണ്ടുപോയി നട്ടു. സാധ്യമായ എല്ലാ പരിചരണവും നൽകിയിട്ടും തന്റെ വിത്ത് മുളച്ചിട്ടില്ലെന്ന് ആൺകുട്ടികളിൽ ഒരാൾ കണ്ടെത്തി. അദ്ദേഹം ദിവസവും പാത്രം പരിപാലിക്കുകയും വെള്ളമൊഴിക്കുകയും ചെയ്തു, പക്ഷേ ഒരു ഫലവും ഉണ്ടായില്ല. മറ്റുള്ളവർ അവരുടെ ചെടികളെ അതീവ ശ്രദ്ധയോടെ പരിപാലിക്കുകയും അവരുടെ ചട്ടിയിൽ മനോഹരവും ആരോഗ്യവുമുള്ള ചെടികൾ വളർത്തുകയും ചെയ്തു. അവരുടെ ചില ചെടികളിൽ മുകുളങ്ങളും പൂക്കളും ഉണ്ടായി.

ഒരു വർഷത്തിനുശേഷം, തങ്ങളുടെ പരിശ്രമത്തിന്റെ ഫലം പ്രകടിപ്പിക്കാൻ അഭിമാനത്തോടെ എല്ലാ ആൺകുട്ടികളും കൊട്ടാരത്തിലെത്തി. കാണിക്കാൻ ചെടിയില്ലാതെ പാവം കുട്ടി മാത്രം നിരാശയോടെ ഇരുന്നു. ഓരോ പാത്രവും പരിശോധിച്ച ശേഷം ചക്രവർത്തി തന്റെ സിംഹാസനത്തിൽ ചെന്നിരുന്നു. ചെടി നട്ടുവളർത്താൻ പറ്റാത്ത കുട്ടിയെ അയാൾ തന്റെ അടുത്തേക്ക് വിളിച്ചു. തന്റെ ശൂന്യമായ പാത്രം കയ്യിൽ പിടിച്ചിരിക്കുന്ന പാവം കുട്ടിയെ നോക്കി മറ്റ് ആൺകുട്ടികൾ ചിരിച്ചു. രാജാവ് എഴുന്നേറ്റുനിന്നു കൊണ്ട് അത് പ്രഖ്യാപിച്ചു: ''ഞാൻ നിങ്ങൾക്ക് ഓരോരുത്തർക്കും ഒരു വിത്ത് തന്നു, അത് വെള്ളത്തിൽ ദീർഘനേരം തിളപ്പിച്ച്, അതിന്റെ നിലനിൽപ്പിനെ നശിപ്പിക്കുകയും അത് വളരില്ലെന്ന് ഉറപ്പിക്കുകയും ചെയ്തു. എന്നാൽ ഈ സത്യസന്ധനായ യുവാവൊഴികെ നിങ്ങൾക്കെല്ലാവർക്കും നിങ്ങളുടെ സ്വന്തം വിത്തുകൾ ഉപയോഗിച്ച് ചെടികൾ വളർത്തി എന്നെ ആകർഷിക്കാനും വഞ്ചനാപരമായ മാർഗങ്ങളിലൂടെ സിംഹാസനം നേടാനും നിങ്ങൾ ശ്രമിച്ചു. ധൈര്യം, സത്യസന്ധത എന്നിവയാണ് എന്റെ പിൻഗാമിയിൽ ഞാൻ പ്രതീക്ഷിച്ച ഗുണങ്ങൾ. ഈ കുട്ടി മാത്രമാണ് പരീക്ഷയിൽ വിജയിച്ചത്. അതിനാൽ അവൻ എന്റെ പിൻഗാമിയാകുമെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. ചക്രവർത്തി ബാലനെ ആലിംഗനം ചെയ്തു. മറ്റ് ആൺകുട്ടികൾ നാണംകെട്ട് രംഗം വിട്ടു.

സത്യസന്ധതയാണ് ഉത്തമമായ രീതി. ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളിലും നാം വിശ്വസ്തരും സത്യസന്ധരും ആയിരിക്കണമെന്നത് ഒരു നല്ല നിയമമാണ്.''

സത്യം പറയുന്നത് നിമിത്തം എന്തെങ്കിലും നഷ്ടമോ കഷ്ടപ്പാടോ വേദനയോ ഉണ്ടായാലും, ഒരു സത്യക്രിസ്ത്യാനി ഒരിക്കലും നുണ പറയരുത്. കള്ളം പറഞ്ഞാൽ പണമോ അധികാരമോ സുഖമോ ലഭിച്ചാലും കള്ളം പറയരുത്. വിശുദ്ധ പൗലോസ് ഉപദേശിക്കുന്നത്, ''ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ.' എഫെസ്യർ 4:25.

യേശു പറഞ്ഞു, 'സത്യം നിങ്ങൾ അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' യോഹന്നാൻ 8:32.

ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ തൂക്കിനോക്കുന്നു. സദൃശവാക്യങ്ങൾ 5:21. എല്ലായിടത്തും സംഭവിക്കുന്നത് കർത്താവ് കാണുന്നു;യഹോവയുടെ കണ്ണു എല്ലാടവും ഉണ്ടു; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു. സദൃ. 15:3.

# ഡോ. ജി. വി. മത്തായി നിത്യതയിൽ



**മാവേലിക്കര/അമേരിക്ക:** മാവേലിക്കര, കല്ലുമല കേന്ദ്രമാക്കി പ്രവർത്തിച്ച് വരുന്ന ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷൻ ഐ ഈ എം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനും പ്രസിഡന്റുമായിരുന്ന ഡോ ജി വി മത്തായി സാർ നിത്യതതയിലേക്ക് ചേർക്കപ്പെട്ടു. കേരളത്തിലും, ലോകം എമ്പാടുമുള്ള മലയാളി പെന്തക്കോസ്തർക്കും ഏറെ പരിചിതമാണ് സ്ഥാപനം. കല്ലുമല കോളേജ് ജംഗ്ഷനിലാണ് അദ്ദേഹം ആരംഭിച്ച സ്ഥാപനത്തിന്റെ ആസ്ഥാനം. ഒരു വലിയ പ്രസ്ഥാനത്തിന്റെ നേതാവായിരുന്നെങ്കിലും ഒരു വലിയ സുവിശേഷ ദർശനമുള്ള ഒരു സുവിശേഷകനും, പ്രാർത്ഥനാ മനുഷ്യനുമായാണ് അദ്ദേഹം അറിയപ്പെട്ടത്. ഒരിയ്ക്കൽ സ്ഥലത്ത് ഒരു ടാക്സ്സിക ഡ്രൈവറോഡ് സുവിശേഷം പറയേണ്ടതിനായി മാത്രം എർണാകുളത്തേക്ക് യാത്ര ചെയ്തിട്ട് തിരികെ വന്ന ഒരു സംഭവം ഉണ്ട്. അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രയിൽ ഡ്രൈവറോട് സുവിശേഷം പറഞ്ഞു. മടങ്ങി എത്തിയപ്പോൾ മാത്രമാണ് ഡ്രൈവർക്ക് കാര്യം മനസിലായത്.

27 ചൊവ്വാഴ്ച്ച അമേരിക്കയിലെ കാലിഫോർണിയയിൽ വച്ചായിരുന്നു അന്ത്യം. മക്കൾക്കൊപ്പം വിശ്രമ ജീവിതം നയിക്കുക ആയിരുന്നു. 92 വയസ്സായിരുന്നു.

## സ്നാനം മനോഹരമാണ് ലജ്ജിക്കുന്നില്ല: നടി കാറ്റ് വോൺഡി

**ഇന്ത്യാന:** പ്രശസ്ത ടാറ്റൂ യിസ്റ്റും, മേക്കബ് ആർട്ടിസ്റ്റുമായ കാറ്റ് വോൺഡി ഇന്ത്യാനയിലെ ചെവായി സ്വദേശിയാണ്. കാതറിൻ വോൺ ഡ്രാ ചെൻബെർഗ് എന്നാണ് യഥാർത്ഥ പേര്. ഈ അടുത്ത സമയത്ത് കുടുംബമായി സ്നാനമേറ്റതിനെ തുടർന്നാണ് അവർ ഈ കര്യങ്ങൾ വെളിപ്പെടുത്തിയത്. ഒരു വർഷത്തിന് മുമ്പ് ഞാൻ മന്ത്രവാദം ഉപേക്ഷിച്ചിരുന്നു. ഇപ്പോൾ ഞാൻ സ്നാനപ്പെട്ടിരിയ്ക്കുന്നു. ഇത് വെളിപ്പെടുത്തുന്നതിൽ ഞാൻ ലജ്ജിക്കുന്നില്ല. അവർ ഇൻസ്റ്റാഗ്രാമിൽ കുറിച്ചു. എന്റെ അനുയായികളിൽ ബഹുപൂരിപക്ഷം പേരും അക്രൈസ്തവരാണ്.

ഇത് ഒരു അവസരമാക്കി എന്റെ മുൻ കാല ജീവിതത്തെ കുറിച്ചും, ഞങ്ങളുടെ സ്നാനത്തെ കുറിച്ചും, സുവിശേഷവും ഞാൻ അവരുമായി പങ്കി വയ്ക്കും. തന്റെ പുതിയ വിശ്വാസമാർഗ്ഗത്തെ അതിമനോഹരം എന്നും വിശേഷിപ്പിച്ചു.

## ക്രൈസ്തവർ സംസ്ക്കാര സൃഷ്ടാക്കൾ: ലെക്രേ

**ഹൂസ്റ്റൺ:** ക്രൈസ്തവർ സംസ്ക്കരം സുഷ്ടിക്കുന്നവരായി തീരേണമെന്ന് ലെക്രേ. സൃഷ്ടാവായ ദൈവത്തിന്റെ സൃഷ്ടിമകുടമായ മനുഷ്യരിൽ ക്രിസ്തു വിശ്വാസികളായവരും ദൈവത്തിനായി പുതിയ സംസ്ക്കാരം സൃഷ്ടിക്കേണ്ടവരാണ്. മറ്റ് സംസ്ക്കാരങ്ങളെ ക്രൈസ്തവർ പകരം പകർത്തേണ്ടത് കാണിച്ച് കൊടുക്കേണ്ടതുണ്ട്.

ലെക്രേ ദേവോൺ മൂർ റാപ്പ്റിസ്റ്റും, അഭിനേതാവും, ഗാനരചയിതാവും എഴുത്തുകാരനുമാണ്.

## സിനിമാപ്രമേയം ബാധയിൽ നിന്നുള്ള വിടുതൽ

**ന്യൂസിലൻഡ്:** പ്രദേശിക, ദേശീയ, അന്തർദേശിയ ഭാഷകളിൽ ഹൊറർ സിനിമകളും, സീരിയലുകളും സർവ്വസാധാരണമാണ്. പൈശാചികതയും, ഭീകരത്വവും പേടിപ്പെടുത്തുന്നതുമായ വിഷയങ്ങളാണ് ഹൊറർ സിനിമകൾക്ക് പ്രമേയമാകുന്നത്. എന്നാൽ ഒരു സുവിശേഷകന്റെ ശുശ്രാഷ അനുഭവത്തിൽ, പൈശാചിക ബാധ ഉണ്ടായ ഒരു പെൺകുട്ടിയ്ക്ക് പ്രാർത്ഥനയിലൂടെ സൗഖ്യം ലഭിച്ച കഥ പ്രമേയമാക്കിയിരിക്കുകയാണ്. ന്യൂസിലൻഡിൽ ജനിച്ച് അമേരിക്കയിൽ ജീവിയ്ക്കുന്ന എഴുത്തുകാരനും, സുവിശേഷകനും, ടെലിവിഷൻ അവതാരകൻ കൂടിയായ റേ കം ഫോർട്ട് ആണ് ഹൊറർ സിനിമയുടെ സംവിധായകൻ. തന്റെ തന്നെ ശുശ്രൂഷാനുഭവത്തിലെ വിഷയമാണ് സിനിമയുടെ പ്രമേയം ആക്കിയിരിക്കുന്നത്. ഇത് ലോക സിനിമയിലെ തന്നെ ആദ്യത്തേതാണ്.

## ശരീരം ഉള്ളിടത്തു വായും വയ്ക്കണം: മർലീന ഗ്രെവ്സ്

**ഒഹിയോ:** മറ്റ് ഏതൊരു കാലഘട്ടത്തേക്കാളും അക്രൈസ്തവ സമൂഹം ക്രൈസ്തവരെ, തങ്ങളുടെ പ്രവൃത്തികളെയും വിശ്വാസസങ്ങളെയും പരസ്പരം ബന്ധപ്പെടുത്തുന്നുണ്ടോ എന്നത് സസൂഷ്മം നിരീക്ഷിയ്ക്കുന്നുണ്ട് എന്ന ബോദ്ധ്യം നമുക്ക് ഉണ്ടാകേണ്ടതുണ്ട്. ഒരിക്കൽ നേഴ്സായ എന്റെ സഹോദരി ആശുപത്രി പരിസരത്ത് പുകവലിയ്ക്കുന്ന ശ്വാസകോശ രോഗ വിദഗ്ദനായ ഒരു ഡോക്ടറെ കണ്ടു. പുകവലിയ്ക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് അറിയാവുന്നതും ഉപദേശിയ്ക്കുന്നതുമായ ഡോക്ടർക്ക് ഇങ്ങനെ ചെയ്യുവാൻ കഴിയുമോ? ഇതേ പോലെയാണ് ദൈവമക്കളുടെ ശരീരവും വായും വേർപെട്ട നിലയിൽ കാണുന്നത്. നമ്മുടെ വാക്കും, പ്രവൃത്തിയും ഒരു പോലെ ഇരിക്കണമെന്നും മർലീന ഗ്രെവ്സ്. പ്രമുഖ ക്രൈസ്തവ എഴുത്തുകാരിയും, സെമിനാരി അദ്ധ്യാപിയുമാണ് പ്രെഫസർ മർലീന ഗ്രെവ്സ്.

## ക്രിസ്ത്യൻ റ്റാറ്റൂ കണ്ടെത്തി

**സുഡാൻ:** പുരാവസ്തുഗവേഷകർ 1, 300 വർഷം പഴക്കമുള്ള റ്റാറ്റു കണ്ടെത്തി. വടക്കൻ സുഡാനിലെ നൈൽ നദീ തീരത്ത് നിന്ന് 9.3 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഗസാലി എന്ന മധ്യകാല സന്യാസ സ്ഥലത്ത് താമസിച്ചിരുന്ന സന്യാസിമാരിൽ ഒരാളുടെ ശരീരത്തിലാണ് പച്ചകുത്തൽ കണ്ടെത്തിയത്. പോളിഷ് സെന്റർ ഓഫ് മെഡിറ്ററേനിയൻ ആർക്കിയോളജി ശാസ്ത്രജ്ഞരാണ് ഗ്രീക്ക് അക്ഷരമാലയിലെ അൽഫ ഓമേഗ എന്നീ അക്ഷരങ്ങളോട് കൂടിയ യേശുവിന്റെ ചിത്രമടങ്ങിയ റ്റാറ്റു കണ്ടെത്തിയത്

## ക്രോസ്സ് ഇൻ ഫയർ പ്രദർശനത്തിന്

**ലണ്ടൻ:** ക്രൈസ്തവ പീഡനത്തിന് ഇരയാകുന്ന ക്രൈസ്തവരുടെ ദുരവസ്ഥ തുറന്നുക്കാണിക്കുന്ന 'ക്രോസ്സ് ഇൻ ഫയർ' പ്രദർശനത്തിന് ലണ്ടനിലെ ഹംഗേറിയൻ കൾച്ചറൽ സെന്ററിൽ തുടക്കമായി. ഒക്ടോബർ 30 തിങ്കളാഴ്ച സായാഹ്നത്തിലായിരുന്നു പ്രദർശനത്തിന്റെ ഉദ്ഘാടനം. ക്രൈസ്തവരുടെ ദുരവസ്ഥ എടുത്തുകാണിക്കുന്നതിനോടൊപ്പം തന്നെ ലോകത്ത് ഏറ്റവും അടിച്ചമർത്തലിന് ഇരയാകുന്ന വിഭാഗമായ ക്രൈസ്തവ സമൂഹത്തെ പിന്തുണക്കണമെന്ന ശക്തമായ സന്ദേശവും ഈ പ്രദർശനം നൽകുന്നുണ്ടെന്നു ഹംഗേറിയൻ പാർലമെന്റിന്റെ യൂറോപ്യൻ അഫയേഴ്സ് കമ്മിറ്റിയുടെ തലവനായ ജൂഡിറ്റ് വർഗ ഹംഗേറിയൻ മാധ്യമത്തോട് പറഞ്ഞു.

## 2023 ലെ ടൈം മാഗസിനിൽ പാസ്റ്റർമാരും

**ന്യൂയോർക്ക്:** ടൈം മാഗസിൻ 'അടുത്ത നൂറ് പേർ' എന്ന പരിപാടിയിലെ ലിസ്റ്റിലാണ് ക്രൈസ്തവരും പാസ്റ്റർമാരും ഉൾപ്പെടെ 4 പേർ ഇടം പിടിച്ചത്. പാസ്റ്റർ സാറാ ജേക്സ് റോബർട്ട്സ്, ബഹിരാകാശ യാത്രികൻ വിക്ടർ ഗ്ലോവർ ജൂനിയർ, എം എൽ ബി പ്ലെയർ റൊണാൾഡ് അക്യൂന ജൂനിയർ, എൻ എഫ് എൽ അത്ലറ്റ് ജലെൻ ഹർട്ട്സ് എന്നിവരാണ്. സാറാ ജാക്സ് പ്രശസ്ത പ്രഭാഷകൻ റ്റി ടി ജാക്സ്സിന്റെ മകളാണ്. അവർ സഭയുടെ അസിസ്റ്റന്റ് പാസ്റ്ററും, ബിസിനസ്കാരിയും, പ്രഭാഷകയും, എഴുത്തുകാരിയും, മാധ്യമ പ്രവർത്തകയുമാണ്. സമൂഹത്തിൽ വിവിധ നിലകളിൽ സ്വാധീനം ചെലുത്തിയ നൂറിൽ പേരിൽ നാല് പേരായാണ് ഇവരെ തിരഞ്ഞെടുത്തത്.

## ദിക്കാറ്റുകൾ ഭരണഘടനാ വിരുദ്ധം: ഹൈക്കോടതി

**ത്രിപുര:** മത:പരിവർവർത്തനം ചെയ്ത ക്രൈസ്തവരെ പീഡിപ്പിക്കുകയും, ഒരപ്പെടുത്തുകും ചെയ്യുന്നതിന് ചക്മ പ്രകാരം ദിക്കാറ്റുകൾ പുറപ്പെടുവിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ത്രിപുര ഹൈക്കോടതി ഉത്തരവിട്ടു. സംസ്ഥാനത്തെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ബുദ്ധമത സ്ഥരായിരുന്ന രണ്ട് കുടുംബങ്ങളെ ഉത്തർ അസ്ധർചര ചക്മ സമാജിക് ബിച്ചാർ കമ്മറ്റിയും, കാഞ്ചഞ്ചെര ചക്മ സമാജിക് ആദം പഞ്ചായത്തും സമുദായത്തിൽ നിന്നും പുറത്താക്കിയതിനെതിരെ സമർപ്പിച്ച കേസിൽ ആണ് കോടതി വിധി ഉണ്ടായത്. മത:ത്തിന്റെ പേരിൽ നടക്കുന്ന നടപടികൾക്കെതിരെ ഹൈക്കോടതി രൂക്ഷമായ പരാമർശമാണ് നടത്തിയത്. മതം മാറാനുള്ള സ്വാതന്ത്ര്യം ഭരണ ഘടന നൽകുന്നുണ്ടെന്നും അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നും കോടതി ചൂണ്ടിക്കാണ്ടി.

## മലേഷ്യൻ പൊതുതിരഞ്ഞെടുപ്പിൽ ക്രൈസ്തവ സാന്നിധ്യം

**മലേഷ്യ:** ലോകത്തിലെ ഏറ്റവ വലിയ മുസ്ലിം പൂരിപക്ഷ രഷ്ട്രമാണ്. രാജ്യത്ത് ക്രൈസ്തവർ നേരിടുന്ന കൊടിയ പീഢനങ്ങൾ ദി സോൾ വിന്നർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രൈസ്തവരെ വോട്ട് ചെയ്പ്പിക്കാതിരിക്കാൻ ഞായറാഴ്ച്ചകളിൽ പോളിംഗ് നടത്തിയും, പോളിംഗ് സ്റ്റേഷനുകളുടെ ദൂരം കൂട്ടിയും ക്രൈസ്തവരെ ബുദ്ധിമുട്ടിയ്ക്കുന്നത് സാധാരണ സംഭവമാണ്. ഇതിന് മറികടക്കാൻ ക്രൈസ്തവർ വ്യാപകമായി പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മത്സരിക്കുന്നതായ് റിപ്പോർട്ട് ചെയ്തു.

## ജീവൻ പണയപ്പെടുത്തിയും ബൈബിൾ പ്രസിദ്ധികരണം

**മിഡിൽഈസ്റ്റ്:** ജീവൻ പണയപ്പെടുത്തി മിഡിൽ ഈസ്റ്റിൽ ബൈബിൾ പ്രസിദ്ധീകരണവും, വിതരണവുമായി ഒരു പറ്റം ആളുകൾ. പേർസിക്യൂഷൻ വാച്ച്ഡോഗ് ഗ്ലോബൽ ക്രിസ്ത്യൻസ് റിലീഫ് എന്ന സംഘടനയാണ് മിഡിൽ ഈസ്റ്റിൽ നിന്നുള്ള ഈ വാർത്ത റിപ്പോർട്ട് ചെയ്തത്. സ്ഥലത്ത് ബൈബിളുകൾ പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്ന സംഘത്തിലെ ഒരാൾ പറഞ്ഞത്, ഒരിക്കൽ ബൈബിൾ വിതരണം ചെയ്തപ്പോൾ വാങ്ങിയ ഒരാൾ തങ്ങൾക്ക് ഭൂമിയിൽ വച്ച് ലഭിയ്ക്കാവുന്ന ഏറ്റവും നല്ല പുസ്തകമാണെന്ന് പറഞ്ഞത് തങ്ങൾക്ക് കൂടുതൽ പ്രെചോദനമായി. അതുകൊണ്ട് രാജ്യത്ത് ഇത് നിയമ വിരുദ്ധമാണങ്കിലും ബൈബിൾ പ്രസിദ്ധീകരണവും വിതരണവുമായി മുന്നോട്ട് പോകുമെന്നും അറിയിച്ചു. ഇതിനകം മൂന്ന് തവണ അറസ്റ്റിലായന്നും പേര് വെളിപ്പെടുതാത്ത വ്യക്തി പറഞ്ഞു.

## മാറ്റം വരുത്തന്നവർ സുവിശേഷകർ: ഡോ. അനിൽ ബാലചന്ദ്രൻ



**കായംകുളം:** ലോകത്തിലെ ഏറ്റവും നല്ല സ്പീക്കേഴ്സ് സുവിശേഷകരാണ്. കേൾക്കുന്നവരുടെ ചിന്താഗതി വരെ മാറ്റിയെടുക്കാൻ, അതുവരെ ചിന്തിച്ചിരുന്നവയെ തന്നെ മാറ്റിയെടുക്കാൻ സുവിശേഷകന് കഴിയും. അതുകൊണ്ട് എന്നെ ആരെങ്കിലും ഒരു പെന്തക്കോസ്തുകാരനെന്നോ, പഴയ സുവിശേഷകനെന്നോ എന്ന് പരിഹസിച്ചാൽ എനിക്ക് പരിഭവം ഇല്ല. എന്നെ അങ്ങനെ വിളിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. പ്രസിദ്ധ ബിസിനസ് ട്രയിനറും പ്രഭാഷകനുമായ ഡോ അനിൽ ബാലചന്ദ്രൻ. തന്റെ പ്രസംഗ രീതിയേ സോഷ്യൽ മീഡിയയിൽ പരിഹസിക്കുന്നവരോട് പറഞ്ഞ മറുപടിയാണ്. അദ്ദേഹം ക്രൈസ്തവനോ, സുവിശേഷകനോ അല്ല. എങ്കിലും സുവിശേഷകരെ കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ സമൂഹത്തിൽ വളരെ ശ്രദ്ധിക്കപ്പെട്ടിരിക്കുകയാണ്.

THE SOUL WINNER
NOV 2023 • VOLUME 11 • ISSUE 2

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

## ഗാസയിൽ സന്നദ്ധപ്രവർത്തനം ദുഷ്കരം

**ഗാസ:** ഇസ്രായേൽ-ഹമാസ് യുദ്ധത്തെത്തുടർന്ന് ആളപായങ്ങളും, നാശനഷ്ടങ്ങളും വർദ്ധിക്കുമ്പോൾ തങ്ങളുടെ പ്രാദേശിക പങ്കാളികളുടെ മാനുഷികസഹായ പ്രവർത്തനങ്ങളെയും യുദ്ധം കാര്യമായി ബാധിച്ചിരിക്കുകയാണെന്ന് ക്രൈസ്തവ സന്നദ്ധ സംഘടനയായ 'ക്രിസ്റ്റ്യൻ എയിഡ്'. 1950-കളുടെ തുടക്കത്തിൽ തന്നെ ക്രിസ്റ്റ്യൻ എയിഡ് തങ്ങളുടെ പ്രാദേശിക പങ്കാളികൾക്കൊപ്പം മധ്യപൂർവ്വേഷ്യയിൽ പ്രവർത്തിച്ചുവരികയാണ്. നിലവിൽ തങ്ങളുടെ ആറോളം പ്രാദേശിക പങ്കാളികൾക്കൊപ്പമാണ് സംഘടന ഗാസയിൽ സാധാരണക്കാർക്കിടയിൽ സന്നദ്ധ സഹായ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

തങ്ങളുടെ പ്രാദേശിക പങ്കാളിയുടെ രണ്ടു സന്നദ്ധ പ്രവർത്തകർ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടുവെന്നും, മറ്റൊരു സന്നദ്ധ പ്രവർത്തകൻ ഗുരുതരാവസ്ഥയിലാണെന്നും സംഘടന അറിയിച്ചു. രണ്ടു സന്നദ്ധപ്രവർത്തകർക്ക് പരിക്കേറ്റിട്ടുണ്ട്. ഇതിൽ ഒരാളുടെ കാൽ മുറിച്ച് മാറ്റി. പ്രവർത്തകർക്ക് തങ്ങളുടെ കുടുംബാംഗങ്ങളെ നഷ്ടപ്പെടുകയും, നിരവധിപേർ ഭവനരഹിതരാവുകയും ചെയ്തിട്ടുണ്ട്. സംഘടനയുടെ ഓഫീസുകൾക്കും ഉപകരണങ്ങൾക്കും സ്ഫോടനങ്ങളിൽ കേടുപാടുകൾ സംഭവിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തങ്ങൾക്ക് മാനുഷിക സഹായങ്ങൾ എത്തിക്കുവാൻ കഴിയുന്നില്ലെന്ന് സംഘടന അറിയിച്ചു. "അക്രമം സാധാരണക്കാരേയും, സന്നദ്ധ സഹായ പ്രവർത്തകരെയും ഒരുപോലെ ബാധിച്ചിരിക്കുകയാണ്, ആരും സുരക്ഷിതരല്ലെങ്കിൽ പോലും ഗാസയിൽ ഞങ്ങളുടെ പങ്കാളികൾ അപകടകരമായ സാഹചര്യങ്ങൾ പോലും വകവെക്കാതെ അസാധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്" - ക്രിസ്റ്റ്യൻ എയിഡിന്റെ മിഡിൽ ഈസ്റ്റ് പോളിസി ആൻഡ് അഡ്വോക്കസി തലവനായ വില്ല്യം ബെൽ പറയുന്നു.

## ഗ്രേസിന് കായിക സ്വർണ്ണം



**കുന്നംകുളം:** കലാകായിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയ നേട്ടങ്ങൾ കൈവരിക്കുന്ന പെന്തക്കോസ്തു സഭാ വിഭാഗത്തിന്റെ എണ്ണം കൂടി വരികയാണ്. ഒരു കാലത്ത് ഇതിൽ നിന്നെല്ലാം വേറിട്ട് സഞ്ചരിച്ചവരായിരുന്നു പെന്തക്കോസ്തു വിഭാഗം. ഒക്ടോബർ മാസത്തിൽ നടന്ന സംസ്ഥാന സ്കൂൾ കായിക മത്സരത്തിൽ പോൾ വാൾട്ടിൽ സ്വർണ്ണ മെഡൽ നേടിയിരിക്കുകയാണ് ഐ പി സി സഭാംഗമായ ഗ്രേസ് വർഗ്ഗീസ്. കോട്ടയം തോട്ടയ്ക്കാട് സ്വദേശിയായ ഗ്രേസ് പെൺകുട്ടികളുടെ പോൾ വാൾട്ടിലാണ് മൂന്ന് മീറ്റർ ഉയരത്തിൽ സ്വർണ്ണം നേടിയത്. സ്വന്തമായി പോൾ വാൾട്ടില്ലാത്ത ഗ്രേസ് മുളങ്കമ്പിലാണ് പരിശീലനം നടത്തിയിരുന്നത്.

## സ്കൂളിനെതിരെ കേസ്

**ഉത്തരപ്രദേശ്:** സിദ്ധാർത്ഥ് നഗർ ജില്ലയിലെ ബൻസിയിൽ ഈറ്റൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുകയാണ് പ്രിൻസിപ്പൽ കൂടിയായ ഡി എസ് ദാസ്. പതിറ്റാണ്ടുകളായി പ്രവർത്തിച്ച് വരുന്ന സ്കൂളിൽ അൻമ്പത്തിയഞ്ച് അദ്ധ്യാപരും രണ്ടായിരത്തിലധികം വിദ്യാർത്ഥികളും പഠിച്ച് വരുന്നു. ആദിവാസി, ദളിത് വിഭാഗത്തിൽ പെടുന്ന കുട്ടികളാണ് സ്കൂളിൽ പഠിക്കുന്നത്. പ്രിൻസിപ്പൽ എസ് ദാസ് നടത്തുന്ന ആരാധനയിൽ ആദിവാസികളെയും, ദളിതരേയും നിർബന്ധിത മത പരിവർത്തനത്തിന് വിധേയരാക്കുന്നു എന്നും, തന്നെയും സ്കൂൾ അതികൃതർ അതിനായി പ്രേരിപ്പിക്കുന്നു എന്ന് പറഞ്ഞ് രാകേഷ് കുമാർ ഗൗതം എന്ന ആളാണ് പരാതി നൽകിയത്. എന്നാൽ ഇങ്ങനെ ഒരു വ്യക്തിയെ തക്കൾക്ക് ഒരിക്കൽ പോലും പരിചയമില്ലെന്നും, പരാതി വ്യാജമാണെന്നും പ്രിൻസിപ്പൽ വ്യക്തമാക്കി. ഹൈന്ദവസംഘടനകൾ സ്ഥാപനത്തിന് മുന്നിൽ പ്രതിഷേധിക്കുകയും ചെയ്തതിനെ തുടർന്ന് പ്രിൻസിപ്പലിനും അമ്പത്തിയഞ്ച് അദ്ധ്യാപകർക്കുമെതിരെ പോലീസ് കേസെടുത്തു.

## വേൾഡ് പെന്തക്കോസ്തൽ കോൺഫ്രൻസ് തിരുവല്ലയിൽ

**തിരുവല്ല:** എല്ലാ പെന്തക്കോസ്തു സഭകളെയും പങ്കെടുപ്പിച്ച് കൊണ്ടുള്ള 2024 ജനുവരിയിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ വച്ച് നടക്കും. ജനുവരി ഏഴ് മുതൽ പതിനാല് വരെയുള്ള തീയതികളിലാണ് നടക്കുക. ഉണർവ്വ് 2024 വേൾഡ് പെന്തക്കോസ്തൽ കോൺഫറൻസ് എന്ന പേരിലാണ് കോൺഫ്രൻസ് നടക്കുക. കൺവൻഷന്റെ അനുഗ്രഹത്തിനായി ഡിസംബർ ഒന്നു മുതൽ 21 ദിവസം ഉപവസിച്ച് പ്രാർത്ഥിക്കും. സമാന്തരമായി തിരുവനന്തപുരത്ത് തുടങ്ങി കാസർകോട് ആവസാനിക്കുന്ന പ്രയർ റാലിയും നടക്കും. കാത്തിരിപ്പ് യോഗം, വചനധ്യാനം, പൊതുയോഗം, സഹോദരി സമ്മേളനം, യുവജ സമ്മേളനം, സൺഡേ സ്കൂൾ കുട്ടികളുടെ സമ്മേളനം, സംയുക്ത സഭായോഗവും, തിരുമേശ ശുശ്രൂഷയും ഉൾപ്പെടെയുള്ള വിവിധ പ്രോഗ്രാമുകളും കോൺഫ്രൊൻസിനോട് അനുബന്ധിച്ച് നടക്കും.

## ദമ്പതികൾക്ക് ജാമ്യം

**പാക്കിസ്ഥാൻ:** മതനിന്ദ ആരോപിച്ച് ജയിലിൽ ആയിരുന്ന ദമ്പതികൾക്ക് ജാമ്യം ലഭിച്ചു. അവരുടെ കുട്ടികൾ വീടിന്റെ മുകളിൽ വച്ച് ഖുറാന്റെ താളുകൾ കീറി എന്നുള്ളതായിരുന്നു കേസിനാസ്പദമായ സംഭവം. ഇത് സംബന്ധിച്ച തെളിവുകളൊന്നും ഹാജരാക്കുവാൻ വാദിഭാഗത്തിന് കഴിയാതെ പോയതിനാലാണ് ജാമ്യം അനുവദിച്ചത്. സമാന കേസുകളിൽ സാധാരണ പാക്കിസ്ഥാനിൽ ജാമ്യം ലഭിക്കുന്നല്ല. തങ്ങളുടെ മേൽ ചുമത്തിയത് വ്യാജ കുറ്റാരോപണമാണന്ന് ദമ്പതികൾ പറഞ്ഞു.

## മാസ്റ്റേഴ്സ് ഇൻ സൈക്കോളജിയിൽ ബിരുദം



**ന്യൂഡൽഹി:** വിദ്യാഭ്യാസ മേഖലയിൽ തിളക്കമാർന്ന വിജയം നേടുന്ന പെന്തക്കോസ്തു വിശ്വാസികളുടെ കൂട്ടത്തിൽ ഇനി എലിസബത്തിനും ഒരു സ്ഥാനം ഉണ്ട്. ചിങ്ങവനം ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡിന്റെ ചിങ്ങവനം സഭാംഗമായ എലിസബത്തിന് സെന്റർ യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ബീഹാറിൽ നിന്നും മാസ്റ്റേഴ്സ് ഇൻ സൈക്കോളജിയിലും, സ്കൂൾ ഓഫ് ഹ്യൂമൻ സയൻസിലും രാജ്യാന്തര തലത്തിൽ ഒന്നാം സ്ഥാനം നേടി. ഒക്റ്റോബർ 19 ന് യൂണിവേഴ്സിറ്റിയിൽ നടന്ന ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ബഹു. ശ്രീമതി ദ്രൗപതി മുർമ്മുവിൽ നിന്നും ഗോൾഡ് മെഡലും, പ്രശസ്തി പത്രവും സ്വീകരിച്ചു. റാങ്ക് ജേതാവിന് ദി സോൾ വിന്നറിന്റെ അഭിനന്ദനങ്ങൾ.

## മോഡൽ ക്രിസ്ത്യൻ കോളേജിൽ ആദ്യ 'ഓട്ടം ഫെസ്റ്റ്'




**നാഗലാന്റ്/കോഹിമ:** മോഡൽ ക്രിസ്ത്യൻ കോളേജ് (എംസിസി) അതിന്റെ ആദ്യത്തെ 'ശരത്കാല ഫെസ്റ്റ്, 2023' ഒക്ടോബർ 21-ന് കോളേജ് കാമ്പസിൽ സംഘടിപ്പിച്ചു. എംസിസി യുടെ പത്രക്കുറിപ്പ് പ്രകാരം, 'ദേശീയതയും സംസ്കാരവും ഉയർത്തിപ്പിടിക്കുക' എന്നതായിരുന്നു ഫെസ്റ്റിന്റെ തീം.

എംസിസിഎസ്സി (മോഡൽ ക്രിസ്ത്യൻ കോളേജ് സ്റ്റുഡന്റ കൗൺസിൽ) പ്രസിഡന്റും പരിപാടിയുടെ കൺവീനറുമായ അജുൻലോ കെന്റ് സ്വാഗത പ്രസംഗം നടത്തി, തുടർന്ന് എംസിസി, എംഎച്ച്എസ്എസ് വിദ്യാർത്ഥികൾ അവതരിപ്പിച്ച പ്രകടനങ്ങൾ. അഡ്മിനിസ്ട്രേറ്റർ എംസിസി ആൽബർട്ട് അരുച്ചോ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

അനൗപചാരിക സെഷനിൽ അതിഥി കലാകാരന്മാർ, കെഗ്രി റിംഗ, ബോഹോ ഗായകൻ, അസി റൂഡി എന്നിവരുടെ പ്രകടനങ്ങൾക്ക് സാക്ഷിയായി.

## ഗോത്രവർഗ്ഗ ക്രൈസ്തവർക്ക് അംഗീകാരം ലഭിക്കുമോ?

**ഓസ്ട്രേലിയ:** ജനസംഖ്യയുടെ 43.9% വും ക്രൈസ്തവരാണങ്കിലും രാജ്യം ഒരു ക്രിസ്തിയ രാജ്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും മതങ്ങൾ സ്ഥാപിക്കുന്നതിനോ, നിരോധിക്കുന്നതിനോ നിയമവും ഇല്ലാത്ത രാജ്യം കൂടിയാണ്. ഓസ്ട്രേലിയയിലെ ആദിവാസികളും, ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളും ക്രൈസ്തവരാണ്. എന്നാൽ 1963 വരെ പൗരത്വവും, 1967 വരെ സെൻസസിലും അവരെ ഉൾപ്പെടുത്തിയിരുന്നില്ല. ഇവരെ രാജ്യത്തിന്റെ പൗരന്മാരായി അംഗീകരിക്കണമെന്ന ആവശ്യക്കൾക്ക് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ട്. ഈ ആവശ്യം ഉന്നയിച്ചുള്ള സമരങ്ങൾ ശക്തിപ്രാപിക്കുകയാണ്. ഇവരെ പൗരത്വം നൽകുന്ന വിഷയത്തെ കുറിച്ച് ജനഹിതം അറിയാൻ മാത്രം പാർലമെന്റിൽ പ്രത്യേകം വോട്ടെടുപ്പ് നടത്തി. 60.% പേരും എതിർത്ത് വോട്ട് ചെയ്തപ്പോൾ 396% പേർ മാത്രമാണ് പിന്തുണച്ച് വോട്ട് ചെയ്തത്.

## ഫിസിക്സിൽ ഡോക്ടറേറ്റ് നേടി

**കോട്ടയം:** സിഎംഎസ് കോളജിൽ അസിസ്റ്റന്റ് പ്രഫസറായ പത്തനംതിട്ട വാര്യാപുരം ചർച്ച് ഓഫ് ഗോഡ് സഭയിലെ അംഗം ബ്രദർ ബ്ലസൻ ജോർജ്ജ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടി. ചർച്ച് ഓഫ് ഗോഡ് സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി, ഇന്റർ കോളേജിയേറ്റ് പ്രയർ ഫെലോഷിപ്പ് ഗവേണിങ് ബോർഡ് അംഗം തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിച്ച ബ്രദർ ബ്ലസൻ ജോർജ്ജ് മികച്ച സംഘാടകനും യുവജന പ്രഭാഷകനുമാണ്. ഭാര്യ: സിസ്റ്റർ സജിനി ജെയിംസ് (അസോസിയേറ്റ് പ്രഫസർ, മുത്തൂറ്റ് കോളേജ് ഓഫ് നഴ്സിംഗ്, പത്തനംതിട്ട).

## മിഷനറി പൈലറ്റിന് മോചനം

ഏകദേശം ഒരു വർഷത്തിന് ശേഷം, തെറ്റായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ജയിലായിരുന്ന മിഷ്ണറി യുഎസിലേക്ക് മടങ്ങി. ക്രിസ്ത്യൻ ചാരിറ്റി മിഷൻ ഏവിയേഷൻ ഫെലോഷിപ്പിന്റെ വിഭാഗമായ അംബാസഡർ ഏവിയേഷനിൽ പൈലറ്റ് ആയി പ്രവർത്തിക്കവെ ആയിരുന്നു റയാൻ കോഹർ അറസ്റ്റിലായത്.

രണ്ട് ദക്ഷിണാഫ്രിക്കൻ പൗരന്മാരായ വില്ല്യെം ഡു പ്ലെസിസ്, എറിക് ഡ്രൈ എന്നിവരും ഒപ്പം അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. മൊസാംബിക്കിലെ സംഘർഷ ഭാഗത്ത് വിമതരെ പിന്തുണച്ചുവെന്നാരോപിച്ചാണ് മൂന്ന് പേരെയും അറസ്റ്റ് ചെയ്തത്. 5 മാസമായി തലസ്ഥാനമായ മാപുട്ടോയിലെ വലിയ സുരക്ഷാ സന്നാഹമുള്ള ജയിലിൽ ആയിരുന്നു. കേസ് റദ്ദാക്കിയില്ലങ്കിലും നാട്ടിലേക്ക് മടങ്ങാൻ കോടതി അനുവാദം നൽകി.